നം.കെ.എസ്.എ.പി.റ്റി.എ.പി13/202/17 തീയതി: 05.05.2017

പത്തനംതിട്ട ജില്ലയിലെ കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)-ാം വകുപ്പ്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃതം പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽനിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ബ്ലോക്ക് പഞ്ചായത്ത് 28-02-2016 മുതൽ 17-02-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ശ്രീ പി.പി. സുരേഷ് കുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.02.2017 മുതൽ 28.02.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം | ശ്രീ റ്റി. അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>ശ്രീ ഷൈജു വൈ., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>കുമാരി ജ്യോതിലക്ഷ്മി ആർ., ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി ജിജി ജോൺ മാത്യു (01.04.2015 മുതൽ 31.10.2015വരെ) |
| | ഭരണ നിർവ്വഹണ സമിതി (01.11.2015 മുതൽ 18.11.2015 വരെ) |
| | ശ്രീമതി നിർമ്മല മാത്യൂസ് (19-11-2015 മുതൽ 31-03-2016 വരെ) |
| സെക്രട്ടറി | ശ്രീമതി സൂര്യ എസ്. ഗോപിനാഥ് (01.04.2015 മുതൽ 16.02.2016 വരെ) |
| | ശ്രീ എം. അബ്ദുൾഖാദർ (17.02.2016 മുതൽ 31.03.2016 വരെ) |

റിപ്പോർട്ടിലെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും, ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്
3. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്
4. റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

സൂചിക

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 – പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | ആഭ്യന്തര നിയന്ത്രണം | 1-4 |
| 5 | സാമ്പത്തിക വിശകലനം | 1-5 |
| 6 | ഫണ്ട് വിനിയോഗം | 1-6 |
| 7 | പദ്ധതി അവലോകനം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വർക്കിംഗ് ഗ്രൂപ്പ് | 1-9 |
| | ഭാഗം 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 10 | സാംഖ്യ രസീത് നൽകുന്നില്ല | 2-1 |
| 11 | മോണിട്ടറിംഗ് ഇല്ല | 2-2 |
| | ഭാഗം 3 – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | ആസ്തി സംരക്ഷണത്തിൽ വീഴ്ച | 3-1 |
| 13 | ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക ചെലവഴിക്കുന്നതിൽ ഗുരുതര വീഴ്ച | 3-2 |
| 14 | ബ്ലോക്ക് പഞ്ചായത്ത് യോഗത്തിൽ പങ്കെടുത്തതിന് അനർഹമായ നിരക്കിൽ റ്റി.എ നൽകി | 3-3 |
| 15 | വടികളം പ്രിയദർശിനി കന്നക്കാട് കുടിവെള്ള പദ്ധതിയുടെ തുടർനടത്തിപ്പും, സംരക്ഷണവും ഗുണഭോക്തൃ ഗ്രൂപ്പിനെ ഏൽപ്പിച്ച് നൽകിയിട്ടില്ല | 3-4 |
| 16 | ഓതറ മാർക്കറ്റിൽ കുടുംബശ്രീ വിപണന കേന്ദ്രം - വയറിംഗ് ജോലികൾ പൂർത്തിയാക്കാത്തതിനാൽ കെട്ടിടം ഉപയോഗിക്കാനാകുന്നില്ല | 3-5 |
| 17 | സി.എച്ച്.സി. ക്വാർട്ടേഴ്സ്, വൃദ്ധസദനം അറ്റകുറ്റപ്പണി പദ്ധതി നിർവ്വഹണത്തിൽ അപാകം | 3-6 |
| 18 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം തൃപ്തികരമല്ല; '24x7' മാതൃകയിൽ പ്രവർത്തിക്കേണ്ട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ നിലവാരത്തിൽ | 3-7 |
| 19 | പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം - അനുവദനീയമല്ലാത്ത ചെലവ് നടത്തി | 3-8 |
| 20 | ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ്- വികസനഫണ്ട് ചെലവഴിക്കുന്നതിന് അനുവാദമില്ല | 3-9 |
| 21 | മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു | 3-10 |
| 22 | എഴുമറ്റൂർ വൃദ്ധസദനം വയറിംഗ്- പദ്ധതി പൂർത്തീകരണത്തിന് ശേഷം കെ.എസ്.ഇ.ബിയിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കിയില്ല | 3-11 |
| 23 | പത്രപ്പരസ്യം നൽകിയതിന് അർഹമായ സബ്സിഡി നേടിയെടുത്തില്ല | 3-12 |
| 24 | പട്ടികജാതി വിഭാഗക്കാർക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് ധനസഹായം- ഗ്രാമസഭ വഴി തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി | 3-13 |
| 25 | 1:2:4 അനുപാതത്തിലുള്ള റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് 103056 രൂപയുടെ നഷ്ടം | 3-14 |
| 26 | കുടുംബശ്രീ വിപണന കേന്ദ്രം നിർമ്മാണം പാതി വഴിയിൽ ഉപേക്ഷിച്ചു | 3-15 |
| 27 | പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കി | 3-16 |
| 28 | കാഞ്ഞീറ്റുകര സി.എച്ച്.സി-യുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ - പൊളിച്ചുമാറ്റിയ വിലപിടിപ്പുള്ള തടി ഉരുപ്പടികളും, ഓടും ലേലം ചെയ്ത് പഞ്ചായത്ത് | 3-17 |

| | | |
|---|---|---|
| | ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല | |
| 29 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി റോഡ് നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തുമായി ചേർന്ന് സംയുക്തപദ്ധതി നടപ്പിലാക്കി | 3-18 |
| 30 | അധിക കനത്തിൽ കോൺക്രീറ്റ് റോഡ് നിർമ്മിച്ച ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് 32878 രൂപ നഷ്ടം | 3-19 |
| 31 | നടപ്പിലാക്കാൻ സാധ്യതയില്ലാത്ത പ്രോജക്ടിന് വൻതുക വകയിരുത്തി പദ്ധതി പണം ലാപ്സാക്കി | 3-20 |
| 32 | ബ്ലോക്ക് പഞ്ചായത്ത് വക കെട്ടിടത്തിൽ അനധികൃതമായി ക്യാന്റീൻ പ്രവർത്തിക്കുന്നു | 3-21 |
| 33 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-22 |
| | ഭാഗം 4 – ഓഡിറ്റ് പ്രത്യവലോകനം | |
| 34 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-1 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-2 |
| 36 | വായ്പ/വായ്പ തിരിച്ചടവ് | 4-3 |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-4 |
| 38 | ഓഡിറ്റ് റിക്കവറി | 4-5 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 18.03.15-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. ബജറ്റ് പ്രകാരവും, യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 10089100 | 28374755 | 18285655 | xx |
| വരവ് | 148945088 | 66650779 | | 82294309 |
| ആകെ | 159034188 | 95025534 | | 64008654 |
| ചെലവ് | 140336351 | 64939689 | | 75396662 |
| നീക്കിയിരിപ്പ് | 18697837 | 30085845 | 11388008 | |

യഥാർത്ഥ്യ ബോധത്തോടെയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് യഥാർത്ഥ വരവ് ചെലവ് കണക്കുകൾ വ്യക്തമാക്കുന്നു. ബജറ്റ് തയ്യാറാക്കിയതിൽ യാതൊരു മാനദണ്ഡവും പാലിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് അംഗീകരിക്കാതെയാണ് ജനറൽ കമ്മിറ്റിയിൽ ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കിയിട്ടുള്ളത്. ബജറ്റ് നിർദ്ദേശങ്ങളിന്മേൽ യാതൊരുവിധ ചർച്ചകളും കമ്മിറ്റി നടത്തിയിട്ടില്ല. നിയമപരമായ ബാദ്ധ്യത നിറവേറ്റുക എന്നതിൽ ഉപരിയായി ബജറ്റ് തയ്യാറാക്കുന്നതിൽ ഒരു വിശാലമായ കാഴ്ചപ്പാട് അധികൃതർക്ക് ഉണ്ടായിട്ടില്ലായെന്ന് കാണാം.

ഓരോ സാമ്പത്തിക വർഷത്തേക്കും തദ്ദേശഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതികൂടി ഉൾപ്പെടുത്തേണ്ടതാണ്. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സപ്ലിമെന്ററി അല്ലെങ്കിൽ റിവൈസ്ഡ് ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടണം. എങ്കിൽ മാത്രമേ പ്ലാൻ ചെലവുകൾ പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പ് പ്രകാരം അനുവദനീയമാവുകയുള്ളൂ. എന്നാൽ 2015-16-ൽ വാർഷിക പദ്ധതി ചെലവുകൾ ഉൾപ്പെടുത്തി ബജറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങുകയുണ്ടായിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 15.05.2016 | 30.07.2016 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(5) പ്രകാരം മെയ് മാസം 15-ാം തീയതിയ്ക്കകം മുൻവർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ വാർഷിക

കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. 30.06.2016-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയിൽ വാർഷിക കണക്ക് പാസ്സാക്കുകയും 30.07.2016-ൽ കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കുകയും ചെയ്തു. സമയപരിധി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ചുവടെ പറയുന്ന ന്യൂനതകൾ ഉണ്ട്.

1. ഷെഡ്യൂൾ B4- ഗ്രാന്റ് ആൻഡ് കോൺട്രിബ്യൂഷൻസ്- കോൺട്രിബ്യൂഷൻസ് ഫോർ ജോയിന്റ് വെഞ്ച്വർ പ്രോജക്ട്സ്- ഗ്രാമപ്പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ ഹെഡ്ഡുകളിൽ അവശേഷിക്കുന്ന തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
2. ഷെഡ്യൂൾ B7- ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമല്ല. ആയതിനാൽ പ്രസ്തുത ഹെഡ്ഡിൽ ഓരോ ഇനത്തിലും അവശേഷിക്കുന്നതായി കാണിക്കുന്ന തുക കൃത്യമാണോ എന്ന് ഉറപ്പുവരുത്താനായില്ല. 2015-16 സാമ്പത്തിക വർഷം EMD ഇനത്തിൽ വിട്ടുതൽ ചെയ്ത തുകകൾ RP 38 ൽ കാണിക്കാത്തതിനാൽ EMD ഇനത്തിലുള്ള നീക്കിബാക്കി തുക കൃത്യമല്ല.
3. ഷെഡ്യൂൾ B9- പ്രസ്തുത ഷെഡ്യൂളിൽ മാർച്ച് മാസത്തെ Gross Salary ബാധ്യതയായി കാണിച്ചിട്ടില്ല.
4. ഷെഡ്യൂൾ B15- പ്രസ്തുത ഷെഡ്യൂളിൽ വാടക ഇനത്തിൽ പിരിഞ്ഞുകിട്ടാനായി കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ടി തുകകൾ ആരിൽ നിന്നാണ് പിരിച്ചെടുക്കാനുള്ളത് എന്നത് സംബന്ധമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.
5. ഷെഡ്യൂൾ RP7- IWMP ഇനത്തിൽ വരവായി കാണിച്ചിട്ടുള്ള തുക കൃത്യമല്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-4 ആഭ്യന്തര നിയന്ത്രണം

വിവിധ കമ്മിറ്റികളുടെ മിനിട്സ് ബുക്കുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. വൗച്ചറുകൾ, രജിസ്റ്ററുകൾ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. വൗച്ചറുകൾ പ്രസിഡന്റ് പാസ്സാക്കാതെയാണ് അക്കൗണ്ടുകളിൽനിന്നും തുക പിൻവലിക്കുന്നത്. പ്രസിഡന്റിന്റെ അനുമതി ഇല്ലാതെ അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കുന്നത് ക്രമപ്രകാരമല്ല. എല്ലാ വരവുകൾക്കും സാംഖ്യാധിഷ്ഠിത രസീതുകൾ നൽകുന്നില്ല. സാംഖ്യാ സമ്പ്രദായത്തിൽ രസീതുകൾ നൽകാതിരിക്കുന്നത് ശരിയായ നടപടിയല്ലെന്ന വിവരം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-5 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28374755 |
| വരവ് | 66650779 |
| ആകെ | 95025534 |
| ചെലവ് | 64939689 |
| നീക്കിയിരിപ്പ് | 30085845 |

| | |
|---|---|
| ആകെ | 95025534 |
| ചെലവ് | 64939689 |
| നീക്കിയിരിപ്പ് | 30085845 |

## 1-6 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | ലാപ്സായ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2345005 | 14083321 | 2277585 | 18705911 | 18705911 | 0 | 2387094 |
| വികസന ഫണ്ട് (എസ്.സി.പി) | 2480985 | 8962930 | 0 | 11443919 | 9187930 | 2255985 | 1528055 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 21600 | 0 | 0 | 21600 | 0 | 21600 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 865834 | 1650871 | 0 | 2516705 | 2516705 | 0 | 4010129 |

## 1-7 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | ചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം | ചെലവ് അനുപാതം |
|---|---|---|---|---|---|---|
| 51 | 73779556 | 43 | 30410546 | 8 | 84.31 | 41.22 |

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |

| | | | | | |
|---|---|---|---|---|---|
| ഉല്പാദനം | 5 | 4367450 | 5 | 2974350 | 68.1 |
| സേവനം | 16 | 53314849 | 14 | 16420505 | 30.8 |
| പശ്ചാത്തലം | 30 | 16097257 | 24 | 11015691 | 68.43 |
| ആകെ | 51 | 73779556 | 43 | 30410546 | 41.22 |

<u>നിർബന്ധിത വകയിരുത്തലുകളും ചെലവും</u>

| പദ്ധതി | പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തൽ | ചെലവ് |
|---|---|---|---|
| വനിതാ ഘടക പദ്ധതി | 4 | 4124350 | 4124350 |
| വൃദ്ധർ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ | 3 | 799950 | 799950 |
| പാലിയേറ്റിവ് കെയർ | 1 | 500000 | 500000 |
| ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി | 1 | 60000 | 55087 |
| യുവജന വികസന പദ്ധതി | 3 | 1426527 | 959000 |

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.08.2015 | 2014-15 | 11.09.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.06.2013 | 01.01.2009 മുതൽ 31.05.2013 വരെ | 12.07.2013 |

## 1-9 വർക്കിംഗ് ഗ്രൂപ്പ്

ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിരൂപീകരണത്തിൽ നിർണ്ണായക പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ബ്ലോക്ക് പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രിയമാണ്. 2015-16വർഷം വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളതിന് രേഖയില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗനടപടികളുടെ മിനിട്ട്സ് സൂക്ഷിച്ചിട്ടില്ല. തദ്ദേശസ്ഥാപനത്തിന്റെ പദ്ധതി രൂപീകരിക്കണത്തിൽ ജനപങ്കാളിത്തം കൊണ്ടുവരുന്ന സുപ്രധാന വേദിയാണ് വർക്കിംഗ് ഗ്രൂപ്പുകൾ. നിഷ്ക്രിയമായ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതിരൂപീകരണത്തിലെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്. ജനപങ്കാളിത്തമില്ലാതെ ഉദ്യോഗസ്ഥ തലത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ നിർദ്ദേശങ്ങൾ മാത്രം പരിഗണിച്ച് പദ്ധതികൾ ആവിഷ്കരിക്കുന്ന പ്രവണത ജനകീയാസൂത്രണ പദ്ധതിയുടേയും, അധികാരവികേന്ദ്രീകരണത്തിന്റേയും അന്തസത്തയ്ക്ക് നിരക്കുന്നതല്ല.

ജനങ്ങൾക്ക് പഞ്ചായത്തിന്റെ ആസൂത്രണ കാര്യങ്ങളിൽ പങ്കെടുക്കാനുള്ള ഏറ്റവും പ്രബലമായ വേദി എന്ന നിലയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടത് അനിവാര്യമാണ്. ഈ വിഷയത്തിൽ പഞ്ചായത്തിന്റെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സാംഖ്യരസീത് നൽകുന്നില്ല

സാംഖ്യ നടപ്പിലാക്കിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാംഖ്യയിലൂടെ രസീതുകൾ നൽകേണ്ടതും ഡേ ബുക്ക്, ബാങ്ക് ബുക്ക്, പാസ്സ് ബുക്ക് എന്നിവയുടെ പ്രിന്റൗട്ടുകൾ ദിനാന്ത്യത്തിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണെന്ന് സർക്കാർ ഉത്തരവ് (എം.എസ്.)നം.128/11/ത.സ്വ.ഭ.വ., തീയതി 06.07.2011, സ.ഉ.(എം.എസ്)നം.45/2014/ത.സ്വ. ഭ.വ., തീയതി 19.02.2014 എന്നിവ അനുശാസിക്കുന്നു. കമ്പ്യൂട്ടർവൽകൃത രസീതുകൾ നൽകണമെന്നും അതിനായി സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന നടപടിക്രമങ്ങൾ അവലംബി ക്കേണ്ടതാണെന്നും കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011 അദ്ധ്യായം III *'വരുമാനത്തിന്റെ അക്കൗണ്ടിംഗ്'* എന്ന ഭാഗത്ത് ഖണ്ഡിക 20 (ഡി)യിൽ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി, ബ്ലോക്ക് പഞ്ചായത്തിൽ നേരിട്ട് സ്വീകരിക്കുന്ന ക്യാഷ്, ഡി.ഡി, ചെക്ക് എന്നിവയ്ക്ക് മാനുവൽ രസീതാണ് നൽകിവരുന്നത്. സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കേണ്ടതാണ്

## 2-2 മോണിട്ടറിംഗ് ഇല്ല

സാംഖ്യ സോഫ്റ്റ് വെയറിന്റെ തൃപ്തികരമായ വിന്യാസത്തിനും ഫലപ്രദമായ ഉപയോഗത്തിനും വേണ്ടി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺമാർ, സെക്രട്ടറി, സൂപ്രണ്ട്/ ഹെഡ് ക്ലർക്ക്, ഐ.കെ.എം ടെക്നിക്കൽ അസിസ്റ്റന്റ്, സാംഖ്യയുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിക്കുന്ന ഒരു ക്ലർക്ക് എന്നിവർ ഉൾപ്പെടുന്ന ഒരു സ്ഥാപനതല ഇംപ്ലിമെന്റേഷൻ ആന്റ് മോണിട്ടറിംഗ് കമ്മറ്റി രൂപീകരിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. അതിനാൽ സാംഖ്യയുമായി ബന്ധപ്പെട്ട ഫലപ്രദമായ മോണിട്ടറിംഗ് സാധ്യമായിട്ടില്ല.

മേൽപറഞ്ഞിട്ടുള്ള അപാകതകൾ പരിഹരിച്ച്, വരവിനങ്ങൾക്ക് സാംഖ്യാധിഷ്ഠിത രസീതുകൾ നൽകേണ്ടതും, ഇത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്. ഭരണവകുപ്പിന്റെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആസ്തി സംരക്ഷണത്തിൽ വീഴ്ച

ബ്ലോക്ക് പഞ്ചായത്തിന്റെയും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെയും ആസ്തികൾ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുന്നതിലും, സംരക്ഷിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്. 12-ാം പഞ്ചവത്സര പദ്ധതിയുടെ ആരംഭത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ടതും ആർജ്ജിച്ചതുമായ എല്ലാ സ്ഥാവര-ജംഗമ ആസ്തികളുടെയും കണക്കെടുക്കണമെന്നും നിലവിലുള്ള ആസ്തികളുടെ സംരക്ഷണം പരിപാലനം, ഉപയോഗ ക്ഷമത എന്നിവ ഉറപ്പുവരുത്തണമെന്നും സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ഇപ്രകാരം ആസ്തികളുടെ കണക്കെടുപ്പ് നടത്തുകയോ ആസ്തികളുടെ ഉപയോഗക്ഷമത ഉറപ്പുവരുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ തദ്ദേശഭരണ സ്ഥാപനത്തിലെ അടിസ്ഥാന രേഖയായ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2011-12 വരെ ആർജ്ജിച്ച ആസ്തികൾ മാത്രമാണ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തുടർന്ന് നാളിതുവരെ ആർജ്ജിച്ച കുന്നംകോളനി സാംസ്കാരിക നിലയം, തോട്ടപ്പുഴശ്ശേരി മഹിളാ സമാജം കെട്ടിടം, എഴുമറ്റൂർ വൃദ്ധസദനം മുതലായ കെട്ടിടങ്ങൾ ഒന്നുംതന്നെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് വക ഭൂമിയുടെ സർവ്വേ നമ്പർ, അളവ് എന്നിവയും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

1) <u>എഴുമറ്റൂർ സാമൂഹികരോഗ്യകേന്ദ്രത്തിലെ ആമ്പുലൻസുകൾ ഉപയോഗമില്ലാതെ നശിക്കുന്നു</u>

എഴുമറ്റൂർ സാമൂഹാകാരോഗ്യ കേന്ദ്രത്തിലെ രണ്ട് ആമ്പുലൻസുകൾ ഉപയോഗമില്ലാതെ ഉപക്ഷിക്കപ്പെട്ട നിലയിൽ ഇരുമ്പെടുത്ത് നശിക്കുന്നു. പൊതു ഖജനാവിൽനിന്നും ലക്ഷകണക്കിന് രൂപ ചെലവഴിച്ച് വാങ്ങിയിട്ടുള്ള ഈ വാഹനങ്ങൾ വേണ്ടവിധം ഉപയോഗപ്പെടുത്താതിരിക്കുന്നതും, പരിപാലിക്കാതിരിക്കുന്നതും ശരിയായ നടപടിയല്ല. ഈ വാഹനങ്ങൾ വർഷങ്ങളായി ഈ അവസ്ഥയിൽ ഇടർന്നിട്ടും സി.എച്ച്.സി. അധികാരികളും ബ്ലോക്ക് പഞ്ചായത്ത് അധികൃതരും നിഷ്ക്രിയത്വം തുടരുകയാണ്. ഈ വാഹനങ്ങൾ മെയിന്റനൻസ് നടത്തി സാമൂഹികാരോഗ്യകേന്ദ്രങ്ങളുടെ ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതിനു ഭരണസമിതി അടിയന്തിര പരിഗണന നൽകേണ്ടതാണ്.

2) എഴുമറ്റൂർ മിനി വ്യവസായ കേന്ദ്രം സംരക്ഷണമില്ലാതെ നശിക്കുന്നു

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എഴുമറ്റൂർ മിനിവ്യവസായ കേന്ദ്രം സംരക്ഷണമില്ലാതെ നശിക്കുന്നു. ഈ കെട്ടിടം 2013-14-വരെ പ്രതിമാസം 5000 രൂപ നിരക്കിൽ വാടകയ്ക്ക് നൽകിയിരിക്കുകയായിരുന്നു. നിലവിലുണ്ടായിരുന്ന വാടകകാരൻ ഒഴിഞ്ഞതിനു ശേഷം കെട്ടിടം ലേലം ചെയ്ത് വാടകയ്ക്ക് നൽകിയിട്ടില്ല. കെട്ടിടത്തിന്റ മേൽക്കൂരയിലെ അസ്ബറ്റോസ് ഷീറ്റ് തകർന്ന് കെട്ടിടം ചോർന്നൊലിക്കുന്ന സ്ഥിതിയിലാണ്. കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ അതിരുകൾ നിർണ്ണയിച്ച് ചുറ്റമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല. ഉദ്ദേശ്യം 1500 ച.അടി വിസ്തൃതിയുള്ള ഈ കെട്ടിടം അറ്റകുറ്റപ്പണികൾ ചെയ്ത് സംരക്ഷിക്കുന്നതിനും ഉപയോഗക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

3) കാർഷിക യന്ത്രോപകരണങ്ങൾ വേണ്ടവിധം ഉപയോഗപ്പെടുത്തുന്നില്ല

വടക്കാഞ്ചേരി ബ്ലോക്കിൽ കാർഷിക കർമസേന രൂപീകരിച്ച് കാർഷിക യന്ത്രവല്കരണം നടത്തിയത് വൻ വിജയം കണ്ടെതിനെ തുടർന്ന് കൃഷി വകുപ്പ് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളിൽ നടപ്പിലാക്കിയ പദ്ധതിയാണ് വടക്കാഞ്ചേരി മോഡൽ പദ്ധതി. കോയിപ്രം ബ്ലോക്ക് പഞ്ചായത്തും പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞടുക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കാർഷിക കർമ്മസേനയ്ക്ക് ഉപയോഗിക്കുന്നതിനായി 17.7 ലക്ഷം രൂപ വിലമതിക്കുന്ന കാർഷിക യന്ത്രോപകരണങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള കൃഷി അസി.ഡയറക്ടർ ഓഫീസിന് ലഭിച്ചിരുന്നു.
ഈ യന്ത്രോപകരണങ്ങൾ 20 പേരടങ്ങുന്ന കാർഷിക സേന രൂപീകരിച്ച് കൈമാറിയതായാണ് രേഖ. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ യന്ത്രോപകരണങ്ങളിൽ ഭൂരിഭാഗവും ഉപയോഗപ്പെടുത്താതെ കൃഷി അസി. ഡയറക്ടറുടെ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതായി കാണാൻ സാധിച്ചു. ലക്ഷങ്ങൾ വിലമതിക്കുന്ന യന്ത്രോപകരണങ്ങൾ ഉപയോഗമില്ലാത്തതിനാൽ ഇരുമ്പെടുത്ത് നശിക്കുന്ന സ്ഥിതിയിലാണ്. നിലവിൽ കർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. ട്രാക്ടർ, ടില്ലർ മുതലായ ചുരുക്കം ചില ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും ഇതിൽനിന്നുള്ള വാടക വരുമാനം കൃത്യമായി അക്കൗണ്ടുചെയ്യപ്പെടുകയോ കൃഷിവകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് കണക്കുകളുടെ കൃത്യ ബോദ്ധ്യപ്പെടുകയോ ചെയ്യുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലും, നിയന്ത്രണത്തിലും പ്രവർത്തിക്കുന്നതിന് ഉദ്ദേശിച്ച് രൂപീകരിച്ചിട്ടുള്ള കാർഷിക കർമ്മ സേനയുടെ പ്രവർത്തനം മന്ദീഭവിക്കുകയും, കർമ്മസേനയ്ക്ക് നൽകിയ യന്ത്രോപകരണങ്ങൾ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്താതിരിക്കുകയും ചെയ്തിട്ടും ബ്ലോക്ക് പഞ്ചായത്ത് അധികൃതർ ഫലപ്രദമായ യാതൊരു ഇടപെടലും ഇക്കാര്യത്തിൽ നടത്തിയിട്ടില്ല. കർമ്മസേന പുനസംഘടിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കി ഈ യന്ത്രോപകരണങ്ങളുടെ ഉപയോഗക്ഷമത ഉറപ്പുവരുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇവ ഉപയോഗമുള്ള സ്ഥലങ്ങളിലേക്ക് കൃഷി വകുപ്പ് അധികൃതർ മുഖാന്തിരം കൈമാറി കൊടുക്കുന്നത് ഉചിതമായിരിക്കുമെന്ന് അഭിപ്രായപ്പെടുന്നു.

ഉപയോഗ ശൂന്യമായി കിടക്കുന്ന കാർഷിക യന്ത്രോപകരണങ്ങൾ

## 3-2 ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക ചെലവഴിക്കുന്നതിൽ ഗുരുതര വീഴ്ച

2015-16 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണത്തിനായി ഗ്രാമപ്പഞ്ചായത്തിന് ലഭ്യമായത് 38573424രൂപയാണ്. എന്നാൽ ചെലവഴിച്ചത് 30410546രൂപ മാത്രമാണ്. ലഭ്യമായ തുകയുടെ 78.84%. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആകെ അനുവദിക്കുന്ന അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി ചെലവഴിക്കാതെ നീക്കിയിരുപ്പുണ്ടായിരുന്ന തുക19-09-2015 ലെ ജി.ഒ (പി) നം-419/2015/ ഫിൻ നമ്പർ ഉത്തരവ് പ്രകാരം നഷ്ടമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്.

| ഫണ്ടിനം | മുൻ ബാലൻസ് | 2015-16 വർഷത്തെ ബജറ്റ് അലോക്കേഷൻ | ആകെ ലഭ്യമായ തുക | 2015-16 വർഷത്തെ ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2345005 | 18748000 | 21093005 | 18705911 | 88.68 |
| വികസന ഫണ്ട് (എസ്.സി.പി.) | 2480985 | 8235000 | 10715985 | 9187930 | 85.74 |
| വികസന ഫണ്ട് (റ്റി.എസ്.പി.) | 21600 | 216000 | 237600 | - | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 865834 | 5661000 | 6526834 | 2516705 | 38.56 |
| ആകെ | 5713424 | 32860000 | 38573424 | 30410546 | 78.84 |

സ്പിൽ ഓവർ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് ആവശ്യമായ തുക തൻവർഷത്തെ ബജറ്റ് അലോക്കേഷനിൽ നിന്നുമാണ് കണ്ടെത്തേണ്ടത്. ആയതിനാൽ പദ്ധതി നിർവ്വഹണം അതാത് വർഷം തന്നെ പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമാകുന്ന തുക ചെലവഴിക്കാത്തപക്ഷം ബ്ലോക്ക്പഞ്ചായത്തിന് നഷ്ടമാവും. പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് ഓരോ പ്രോജക്ടിലും വകയിരുത്തുന്ന തുക പൂർണ്ണമായും ആ വർഷം തന്നെ ചെലവഴിക്കുന്നതിനും പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കുന്നതിനുമായി ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 ബ്ലോക്ക് പഞ്ചായത്ത് യോഗങ്ങളിൽ പങ്കെടുത്തതിന് അനർഹമായ നിരക്കിൽ റ്റി.എ അനുവദിച്ച് നൽകി

എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും വൈസ് പ്രസിഡന്റുമാർക്കും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്കും അംഗങ്ങൾക്കും അവരവരുടെ വാസസ്ഥലത്ത് നിന്നും പഞ്ചായത്ത് കാര്യാലയം സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് നടത്തുന്ന യാത്രക്ക് ദിനബത്ത ഒഴിച്ചുള്ള യാത്രാബത്തക്ക് അർഹതയുണ്ടായിരിക്കും എന്ന് 14.12.1998-ലെ ജി.ഒ(പി)നം.20233/പി3 /98/ത.സ്വ.ഭ.വ. ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിലെ ചില അംഗങ്ങൾക്ക് ജനറൽ കമ്മിറ്റി മീറ്റിംഗ്, സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗ് എന്നിവയിൽ പങ്കെടുത്തതിന് ഒരു ദിവസം 200 രൂപ എന്ന കണക്കിൽ റ്റി.എ. നൽകിയിരിക്കുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൈലേജ് അലവൻസിനോ, യഥാർത്ഥ ബസ് ഫെയറിനോ ആണ് അർഹത. 32 കി.മീറ്ററിൽ കുറഞ്ഞ യാത്രയായതിനാൽ അനാമത്ത് ചെലവിനും അർഹതയില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പരും തീയതിയും | യാത്ര നടത്തിയ ആളുടെ പേര്, ഉദ്യോഗപ്പേര് | കാലയളവ് | യാത്രകളുടെ എണ്ണം, ദൂരം | അനുവദിച്ച തുക.ചെക്ക് നമ്പർ & തീയതി | അർഹമായ തുക | വ്യത്യാസം |
|---|---|---|---|---|---|---|
| 08/4-15/16 തീ. 27-04-2015 | ശ്രീ. വി. പ്രസാദ് | 01/2013-08/2014 | 24, 20 +20=40 കി.മീ | 4800 ചെക്ക് നം. 1903904/27-04-2015 | 40x1.50x24= 1440 | 3360 |
| 08/4-15/16 തീ. 27-04-2015 | ശ്രീമതി സബിതാ മുരളി | 01/2013-12/2014 | 38 15 +15=30 കി.മീ | 7600 ചെക്ക് നം. 1903905/27-04-2015 | 30x1.50x38= 1710 | 5890 |
| 07/8-15/16 തീ. 10-05-2015 | ശ്രീ.എസ്. കൃഷ്ണകമാർ | 01/2013-06/2015 | 56 9 +9=18 | 11200 ചെക്ക് നം. | 18x1.50x56= 1512 | 9688 |

| | | | | | | |
|---|---|---|---|---|---|---|
| | | | കി.മീ | 334915/10-08-2015 | | |
| ആകെ | | | | 23600 | 4662 | 18938 |

അനർഹമായ നിരക്കിൽ റ്റി.എ ഇനത്തിൽ അനുവദിച്ച് നൽകിയ 18938 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക അനർഹമായി കൈപ്പറ്റിയ ഭരണസമിതി അംഗങ്ങളിൽ നിന്നോ അല്ലാത്തപക്ഷം തുക അനുവദിച്ച് നൽകിയ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-4 വടികുളം പ്രിയദർശിനി കുന്നേക്കാട് കുടിവെള്ള പദ്ധതിയുടെ തുടർനടത്തിപ്പും, സംരക്ഷണവും ഗുണഭോക്തൃ ഗ്രൂപ്പിനെ ഏൽപ്പിച്ച് നൽകിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | S0056/14, S0022/15 |
| കൺവീനർ | ശ്രീ പി.കെ. കുട്ടപ്പൻ |
| അടങ്കൽ | ₹573000 |
| ചെലവ് | ₹ 573000 |
| എം.ബുക്ക് നം. | 21/13-14 |

2013-14-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽനിന്നും 5.73 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിച്ച വടികുളം പ്രീയദർശിനി കുന്നേക്കാട് കുടിവെള്ള പദ്ധതി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് കൈമാറുകയോ, പദ്ധതിയുടെ തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃഗ്രൂപ്പിനെ ഏൽപ്പിച്ച നൽകുകയോ ചെയ്തിട്ടില്ല. ഇരവിപേരൂർ ഗ്രാമപഞ്ചായത്തിലാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. 2014-15 വർഷം പ്രവൃത്തി പൂർത്തിയാക്കി പദ്ധതി കമ്മീഷൻ ചെയ്തതിനുശേഷം ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയുടെ തുടർ നടത്തിപ്പിനാവശ്യമായ യാതൊരു ക്രമീകരണങ്ങളും ചെയ്തിട്ടുള്ളതായി കാണുന്നില്ല. പഞ്ചായത്ത് രാജ് നിയമ പ്രകാരം ജലവിതരണ പദ്ധതികളുടെ നിർവ്വഹണം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട കാര്യമല്ല. തദ്ദേശസ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്ത പ്രവർത്തനങ്ങൾക്ക് പ്രോജക്ട് ആവിഷ്കരിക്കാൻ പാടില്ലെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലും നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയതിന് വിരുദ്ധമായാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. കുടിവെള്ള വിതരണ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന് ചുമതലയില്ലാത്തതാണ്. എന്നിരിക്കിലും, നിർമ്മാണം പൂർത്തിയാക്കിയ സാഹചര്യത്തിൽ പദ്ധതി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് കൈമാറുകയും, പദ്ധതിയുടെ തുടർനടത്തിപ്പും സംരക്ഷണവും രജിസ്റ്റർ ചെയ്ത ഗുണഭോക്തൃ ഗ്രൂപ്പിനെ ഏൽപ്പിച്ച നൽകുകയും ചെയ്യേണ്ടതുമായിരുന്നു. നിലവിൽ ഈ കുടിവെള്ള പദ്ധതി ബ്ലോക്ക് പഞ്ചായത്തിന്റെയോ, ഗ്രാമപഞ്ചായത്തിന്റേയോ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന് നിയമപരമായി ഉടമസ്ഥത സിദ്ധിച്ചിട്ടുള്ള സ്ഥലത്തല്ല പദ്ധതിയുടെ കിണറും പമ്പ് ഹൗസും സ്ഥിതിചെയ്യുന്നത്. ഇരവിപേരൂർ വില്ലേജിൽ കിഴക്കനോതറ മുറിയിൽ ശാസ്താം തെക്കേതിൽ ശ്രീ സുരേന്ദ്രൻ നായർ എന്ന വ്യക്തിയുടെ കരം തീരുവയിലുള്ള വസ്തുവിലാണ് കിണറും പമ്പ് ഹൗസും പദ്ധതിയ്ക്കായി നിർമ്മിച്ചിട്ടുള്ളത്. ഇവ ഉപയോഗിക്കുന്നതിന് ടിയാനിൽനിന്നും മുദ്രപത്രത്തിൽ സമ്മതപത്രം വാങ്ങുക മാത്രമാണ് ചെയ്തിട്ടുള്ളത്. കിണറും പമ്പ് ഹൗസും നിർമ്മിക്കുന്നതിനുള്ള സ്ഥലം ടിയാനിൽനിന്നും റിലിങ്ക്വിഷ് ചെയ്ത് വാങ്ങുകയോ നിയമപരമായി ഏറ്റെടുക്കുകയോ ചെയ്തിട്ടില്ലാത്തതാകുന്നു. ഇപ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത സ്ഥലത്താണ് 211076 രൂപ മുടക്കി പദ്ധതിയ്ക്കാവശ്യമായ 15 HP മോട്ടോർ സ്ഥാപിച്ചിട്ടുള്ളത്.

പട്ടികജാതി വികസന ഫണ്ട് ചെലവഴിച്ചാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെങ്കിലും പദ്ധതിയുടെ ഗുണഭോക്താക്കളിൽ ഭൂരിപക്ഷം പേരും പട്ടികജാതി വിഭാഗത്തിൽപെടുന്നവരല്ല. അന്വേഷണത്തിൽ കേവലം രണ്ട് ഗുണഭോക്താക്കൾ മാത്രമാണ് പട്ടികജാതി വിഭാഗത്തിൽപെടുന്നതെന്നാണ് അറിയാൻ സാധിച്ചിട്ടുള്ളത്. പദ്ധതിയുടെ ഗുണഭോക്താക്കളിൽ അമ്പത് ശതമാനത്തിലധികം പട്ടികജാതി കുടുംബങ്ങളാണെന്ന് പട്ടികജാതി വികസന ഓഫീസറിൽനിന്നും സാക്ഷ്യപ്പെടുത്തി വാങ്ങിയതിനുശേഷം പൊതു വിഭാഗങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കിയിരിക്കുകയാണ്.

ഈ പദ്ധതിയുടെ അംഗീകരിച്ച പ്രോജക്ടിൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ അംഗീകരിച്ച പ്രോജക്ടിൽനിന്നും വ്യതിചലിച്ച് പദ്ധതിയുടെ ഗുണഭോക്താക്കളിൽനിന്നും ഗുണഭോക്തൃവിഹിതം പിരിച്ചാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതത്തിന്റെ വരവ് ചെലവ് കണക്കുകൾ സൂക്ഷിച്ചിട്ടില്ല. അംഗീകരിച്ച പ്രോജക്ടിൽ ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിന് വ്യവസ്ഥയില്ലാതിരുന്ന സാഹചര്യത്തിൽ ഗുണഭോക്താക്കളിൽനിന്നും പണ പിരിവ് നടത്തിയത് ക്രമവിരുദ്ധമായ നടപടിയാണ്.

പദ്ധതിയുടെ നടത്തിപ്പിലുണ്ടായിട്ടുള്ള മേൽപറഞ്ഞ ഗുരുതര അപാകതകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എക്സി. എഞ്ചിനീയർ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-5 ഓതറ മാർക്കറ്റിൽ കുടുംബശ്രീ വിപണന കേന്ദ്രം- വയറിംഗ് ജോലികൾ പൂർത്തിയാക്കാത്തതിനാൽ കെട്ടിടം ഉപയോഗിക്കാനാകുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.5/14-15 പ്രകാരം പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 15ലക്ഷം രൂപയും, കേന്ദ്രാവിഷ്കൃത ഫണ്ടിൽനിന്നും (എസ്.ജി.എസ്.വൈ. ഇൻഫ്രാസ്ട്രക്ചർ ഫണ്ട്) 1050000 രൂപയും ഉൾപ്പടെ ആകെ 25.5 ലക്ഷം രൂപ അടങ്കൽ വകയിരുത്തി ഇരവിപേരൂർ പഞ്ചായത്ത് പരിധിയിലുള്ള ഓതറ മാർക്കറ്റിൽ മൂന്ന് കടമുറികളും ടോയ് ലറ്റും, ഒന്നാം നിലയിൽ കോൺഫറൻസ് ഹാളും അടങ്ങുന്ന ഉദ്ദേശ്യം 1800 ച.അടി വിസ്തൃതിയുള്ള ഒരു കുടുംബശ്രീ വിപണന കേന്ദ്രത്തിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 2080674 രൂപ ചെലവഴിച്ച് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ അളവ് പുസ്തക പ്രകാരം കരാറുകാരൻ ഫൈനൽ ബിൽ സമർപ്പിച്ചിരിക്കുന്നത് 05.10.2015-ലാണ്. എന്നാൽ നിർമ്മാണം പൂർത്തിയാക്കി ഒന്നര വർഷം പിന്നിട്ടിട്ടും കെട്ടിടം ഇതുവരെ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് കൈമാറുകയോ, ഉപയോഗത്തിന് തുറന്ന് കൊടുക്കുകയോ ചെയ്തിട്ടില്ല. കെട്ടിടത്തിന്റെ വയറിംഗ് ജോലികൾ പൂർത്തിയാക്കാത്തതാണ് കെട്ടിടം ഉപയോഗപ്പെടുത്തുന്നതിന് തടസ്സമായിരിക്കുന്നതെന്നാണ് മനസ്സിലാക്കുന്നത്.

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷന് 290300 രൂപ വകയിരുത്തിയിരുന്നെങ്കിലും പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ഒരു കെട്ടിടനിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ, അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷന് എസ്റ്റിമേറ്റിൽ ലംപ്സമായി തുക വകയിരുത്തുകയും കെട്ടിടത്തിന്റെ സ്ട്രക്ചർ ആയികഴിഞ്ഞാൽ ഇവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയതിനുശേഷം ഈ പ്രവൃത്തികൾ ചെയ്യുകയുമാണ് വേണ്ടത്. 05.07.2014-ൽ അംഗീകാരം ലഭിച്ച ഈ പദ്ധതിയുടെ ഭാഗമായുള്ള വയറിംഗ് ജോലികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമാണ്. ഇക്കാരണത്താൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം ഒന്നരവർഷം പിന്നിട്ടിട്ടും ഉപയോഗത്തിന് തുറന്ന് കൊടുക്കാനാവാതെ പൊതു ഖജനാവിൽനിന്നും മുടക്കിയ 20.8 ലക്ഷം രൂപ പ്രയോജന രഹിതമായി അവശേഷിക്കുന്നതിന് ഇടയായിരിക്കുന്നു.

ഇരവിപേരൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഓതറ മാർക്കറ്റിലാണ് വിപണന കേന്ദ്രം നിർമ്മിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്ത് ഇപ്രകാരമൊരു നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് അധികാരികളുടെ അനുമതി തേടിയിട്ടുള്ളതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മാണ പ്രവൃത്തി നടത്തിയത് ക്രമപ്രകാരമല്ല. കെട്ടിടത്തിന്റെ വയറിംഗ് ജോലികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതും നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-6 സി.എച്ച്.സി. ക്വാർട്ടേഴ്സ്, വൃദ്ധസദനത്തിനും അറ്റകുറ്റപ്പണി, ചുറ്റുമതിൽ വെഹിക്കിൾ ഷെഡ് നിർമ്മാണം - പദ്ധതി നിർവ്വഹണത്തിൽ അപാകത

| | |
|---|---|
| പ്രോജക്ട് | S0007/15, |

| | |
|---|---|
| നം. | S0031/16 |
| കരാറുകാരൻ | ശ്രീ ഒ.എം.മാത്യു |
| അടങ്കൽ | ₹1185000 |
| ചെലവ് | ₹ 1078705<br>ബിൽ നം.തീയതി-160/15-16, 30.03.2016 |
| എം.ബുക്ക് നം. | 12/14-15, 13/14-15 |

2014-15-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 1185000 രൂപ വകയിരുത്തി സി.എച്ച്.സി. ക്വാർട്ടേഴ്സ്, വൃദ്ധസദനം എന്നിവയുടെ അറ്റകുറ്റപ്പണി നടത്തുന്നതിനും വൃദ്ധസദനത്തിന് ചുറ്റുമതിലും, വെഹിക്കിൾ ഷെഡും നിർമ്മിക്കുന്നതിനും പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ ഭാഗമായി എഴുമറ്റൂർ വൃദ്ധസദനത്തിന് കോമ്പൗണ്ട് വാൾ നിർമ്മിച്ചിരിക്കുന്നത് കെട്ടിടം സ്ഥിതി ചെയ്യുന്ന ബ്ലോക്ക് പഞ്ചായത്ത് വക സ്ഥലത്തിന്റെ അതിർത്തി അളന്ന് തിരിച്ച് വസ്തുവിന്റെ അതിർത്തി നിർണ്ണയിക്കാതെയാണ്. ബ്ലോക്ക് പഞ്ചായത്ത് വക ICDP സബ്സെന്റർ, വ്യവസായ യൂണിറ്റ്, വൃദ്ധസദനം എന്നിവ ഒരേ കോമ്പൗണ്ടിലാണ് സ്ഥിതിചെയ്യുന്നത്. ആസ്തി രജിസ്റ്ററിൽ ഈ വസ്തുവിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. വസ്തു ബ്ലോക്ക് പഞ്ചായത്തിന്റെ പേരിൽ പോക്കുവരവ് നടത്തിയിട്ടുള്ളതിന്റെയും, കരം ഒടുക്കുവരുത്തിയതിന്റെയും രേഖയില്ല. ആസ്തി രജിസ്റ്ററിന്റെ ഒരു പേജിൽ അളവ് 10.12 ha എന്നും, മറ്റൊരു പേജിൽ 21.75 ha എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഈ സാഹചര്യത്തിൽ ഭൂമി അളന്ന് തിട്ടപ്പെടുത്തി കൃത്യമായ അതിർത്തിയും വിസ്തീർണ്ണവും നിർണ്ണയിക്കാതെ കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കിയത് ബ്ലോക്ക് പഞ്ചായത്ത് വക സ്ഥലം അന്യാധീനപ്പെടുന്നതിന് ഇടയാക്കുന്ന സംഗതിയാണ്.
പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിന് 705750 രൂപയായിരുന്ന വകയിരുത്തിയിരുന്നത്. ഫൈനൽ ബിൽ പ്രകാരം 621464 രൂപ ചെലവഴിച്ചു. റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് വക ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിർത്തി നിർണ്ണയിച്ച് അതിർത്തി കല്ലുകൾ സ്ഥാപിക്കാതെ ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയത് നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എക്സി.എഞ്ചിനീയറുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണ്. ശരിയായ അതിർത്തി നിർണ്ണയിക്കാതെ ചുറ്റുമതിൽ നിർമ്മാണം നടത്തിയതു സംബന്ധിച്ച് ഭരണവകുപ്പ് തലത്തിൽ അന്വേഷണം നടത്തുന്നതിനും, അന്വേഷണത്തിൽ ബ്ലോക്ക് പഞ്ചായത്താണ് വക സ്ഥലം അന്യാധീനപ്പെട്ടു എന്ന് കാണുന്നപക്ഷം ഉത്തരവാദിയായവർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-7 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം തൃപ്തികരമല്ല; '24x7' മാതൃകയിൽ പ്രവർത്തിക്കേണ്ട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ നിലവാരത്തിൽ

കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ എഴുമറ്റൂർ, കാഞ്ഞീറ്റുകര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. കിടത്തി ചികിത്സ ലഭ്യമാക്കുന്നതിനാവശ്യമായ എല്ലാ ഭൗതിക സൗകര്യങ്ങളും, ജീവനക്കാരും ലഭ്യമാണെങ്കിലും കിടത്തി ചികിത്സ ലഭ്യമാക്കുന്നതിന് ആശുപത്രി അധികൃതർ തയ്യാറാകുന്നില്ല. സി.എച്ച്.സികളിൽ കിടത്തി ചികിത്സ ലഭ്യമാക്കണമെന്നാണ് സർക്കാർ നയം. ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള സി.എച്ച്.സികളിൽ ഒരോന്നിലും അഞ്ച് ഡോക്ടർമാരും, ഹെഡ് നഴ്സ്, അഞ്ച് സ്റ്റാഫ് നഴ്സുമാർ, ഫീൽഡ് സ്റ്റാഫ്, കണ്ടിജന്റ് ജീവനക്കാർ എന്നിവർ ഉൾപ്പടെ ആകെ 47 തസ്തികകൾ വീതമാണുള്ളത്. ഗ്രാമപ്രദേശങ്ങളിലെ നിർദ്ധനരായ രോഗികൾക്ക് മെച്ചപ്പെട്ട ആരോഗ്യ പരിപാലനം ലഭ്യമാക്കുന്നതിന് 24 മണിക്കൂറും സേവനം ലഭ്യമാക്കേണ്ട സി.എച്ച്.സി.കൾ നിലവിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നിലവാരത്തിൽ പ്രവർത്തിക്കുന്നത് ദൗർഭാഗ്യകരമാണ്. മാത്രവുമല്ല സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പിന് പൊതു ഖജനാവിൽനിന്നും മുടക്കുന്ന പണത്തിന് ആനുപാതികമായ പ്രയോജനം പൊതുസമൂഹത്തിന് ലഭിക്കാതിരിക്കുന്ന അവസ്ഥയും അംഗീകരിക്കാനാവുന്നതല്ല.

മുൻകാല ബ്ലോക്ക് പഞ്ചായത്ത് യോഗങ്ങളുടെ മിനിട്ട്സ് പരിശോധിച്ചതിൽ സി.എച്ച്.സി.കളുടെ ശോച്യാവസ്ഥ സംബന്ധിച്ച് കമ്മിറ്റി ചർച്ച ചെയ്തിട്ടുള്ളതായി കാണാൻ സാധിച്ചിട്ടുണ്ട്. ഉദാഹരണമായി 07.06.2011-ൽ കൂടിയ കമ്മിറ്റിയുടെ മിനിട്ട്സിൽ കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള രണ്ട് സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെയും പ്രവർത്തനം താളം തെറ്റികിടക്കുകയാണെന്ന് പ്രസിഡന്റ് അഭിപ്രായപ്പെട്ടിട്ടുണ്ട്. കാഞ്ഞീറ്റുകര സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സെക്യൂരിറ്റി ജീവനക്കാരൻ മതിയായ മെഡിക്കൽ സഹായം ലഭിക്കാതെ മരിക്കാനിടയായ സംഭവത്തിൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി പ്രതിഷേധിക്കുന്നതായും ടി സംഭവം ആരോഗ്യ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നും പ്രസിഡന്റ് അഭിപ്രായപ്പെട്ടതായും രേഖപ്പെടുത്തിയിരിക്കുന്നു. രാത്രിയിൽ ഡോക്ടർ ഡ്യൂട്ടിയിലുണ്ടാവുമെന്നും IP യൂണിറ്റ് പ്രവർത്തിക്കുമെന്നും ഡോക്ടർ ഉറപ്പ് നൽകിയതിനെ തുടർന്നാണ് നൈറ്റ് ഡ്യൂട്ടിക്കായി കാഞ്ഞീറ്റുകര സാമൂഹികരോഗ്യ കേന്ദ്രത്തിൽ സെക്യൂരിറ്റിയെ നിയോഗിച്ചിരുന്നത്. ചികിത്സ ലഭിക്കാതെ സെക്യൂരിറ്റി മരിക്കാനിടയായ സംഭവിത്തെക്കുറിച്ച് കാഞ്ഞീറ്റുകര സാമൂഹികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നൽകിയ വിശദീകരണ കത്ത് തികച്ചും ധാർഷ്ട്യമാണെന്ന് ഒരു ബ്ലോക്ക് പഞ്ചായത്ത് അംഗം കമ്മിറ്റിയിൽ അഭിപ്രായപ്പെട്ടതായും മിനിട്ട്സിൽ രേഖപ്പെടുത്തിയിരിക്കുന്നു. സാമൂഹാകാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം താളം തെറ്റികിടക്കുകയാണെന്ന വസ്തുത വർഷങ്ങൾക്ക് മുമ്പ് തന്നെ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുകയും ഭരണസമിതി ഈ വിഷയത്തിൽ ഇടപെടുകയും ചെയ്തിട്ടും സാഹചര്യത്തിന് യാതൊരു മാറ്റവും ഇല്ലാതെ ഇപ്പോഴും ദുസ്ഥിതി തുടരുന്നുവെന്നത് വലിയ ആശങ്ക ഉളവാക്കുന്ന സംഗതിയാണ്.

മേൽപറഞ്ഞ രണ്ട് ആരോഗ്യ സ്ഥാപനങ്ങളിലും ഹോസ്പിറ്റൽ മാനേജ് മെന്റ് കമമിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റാണ് എച്ച്.എം.സി-യുടെ ചെയർപേഴ്സൺ. ആരോഗ്യസ്ഥാപനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കേണ്ട ജനകീയ സമിതികളാണ് എച്ച്.എം.സികൾ. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള രണ്ട് സാമൂഹികരോഗ്യ കേന്ദ്രങ്ങളുടെയും കാര്യക്ഷമമായ നടത്തിപ്പിന് എച്ച്.എം.സികൾക്ക് കാര്യമായ യാതൊരു സംഭാവനയും ചെയ്യാൻ സാധിക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനമായ സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെ ചുമതലയാണ്. ഇക്കാര്യത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിക്കുള്ള ഉത്തരവാദിത്വം എടുത്ത് പറയേണ്ടതാണ്. എന്നാൽ ഈ ചുമതല നിർവ്വഹിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് അധികൃതർ കൂടുതൽ ഉത്തരവാദിത്വം കാണിക്കേണ്ടതാണ്.. സാമൂഹികരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കിടത്തി ചികിത്സ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 3-8 പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം - അനുവദനീയമല്ലാത്ത ചെലവ് നടത്തി

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | 05/16 - പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം |
| വകയിരുത്തിയ തുക | 35000 (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | 35000 (ബിൽ നം-4/26-03-2016) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, എഴുമറ്റൂർ |

പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിനായി 35000 രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. എന്നാൽ പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ടി പദ്ധതിക്കായി വികസനഫണ്ട് ചെലവഴിക്കാൻ സാധിക്കുകയില്ല. ആയതുപോലെ തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പിന്റെ സ.ഉ.(സാധാ.)നം.32/2016/ത.സ്വ.ഭ.വ., തീയതി 05-01-2016 പ്രകാരം പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് തുക ചെലവഴിക്കാൻ അനുവാദമില്ല.

പ്രസ്തുത ഉത്തരവുകൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിന് അടിയന്തിരമായി ഓഡിറ്റിൽ വിശദീകരണം നൽകണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല (നം 5/17, തീയതി 22-02-2017). ഇത്തരത്തിൽ ബ്ലോക്ക് പഞ്ചായത്തിന് അനുവദനീയമല്ലാത്ത പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയതിനാലും സബ്സിഡി

മാർഗ്ഗരേഖ, സർക്കാർ ഉത്തരവ് എന്നിവയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിനാലും ചെലവ് തുകയായ 35000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-9 ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ്- വികസനഫണ്ട് ചെലവഴിക്കുന്നതിന് അനുവാദമില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | 11/15-16 - ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് |
| വകയിരുത്തിയ തുക | 60000 (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | 55087 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി, എഴുമറ്റൂർ |
| ചെലവിന്റെ വിശദാംശങ്ങൾ | ബിൽ നം.1/18-03-2016-തുക -₹20352<br>ബിൽ നം.2/18-03-2016-തുക -₹20496<br>ബിൽ നം.7/31-03-2016-തുക -₹14239 |

പ്രസ്തുത പ്രോജക്ട് പ്രകാരം ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് പ്രോഗ്രാമിനായി 55087 രൂപ ചെലവഴിച്ചിട്ടുണ്ട്. തിരുവനന്തപുരത്തുള്ള IMAGE എന്ന സ്ഥാപനത്തിനാണ് തുക നൽകിയത്. എന്നാൽ പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ടി പദ്ധതിക്കായി വികസനഫണ്ട് ചെലവഴിക്കാൻ സാധിക്കുകയില്ല. ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് പ്രോഗ്രാമിന് എച്ച്.എം.സി ഫണ്ട് ആണ് ചെലവഴിക്കേണ്ടിയിരുന്നത്. ഇതിന് വിരുദ്ധമായി തുക ചെലവഴിച്ചതിന് വിശദീകരണം നൽകണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.6/17, തീ. 22-02-2017) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവിട്ട 55087രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു

ജി.ഒ.(എം.എസ്)നം.330/2004/ത.സ്വ.ഭ.വ., തീയതി 09-12-2004 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണത്തിനായിരിക്കണം വിനിയോഗിക്കേണ്ടത്. എന്നാൽ ആയതിന് വിരുദ്ധമായി കമ്പ്യൂട്ടറുകളും കസേരകളും വാങ്ങുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് രണ്ട് പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ നമ്പരും പേരും | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് സർവർ, പ്രിന്റർ, കമ്പ്യൂട്ടർ എന്നിവ വാങ്ങൽ (93/15-16) | 242000 | 98060 |
| 2 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കസേരകൾ വാങ്ങൽ (94/15-16) | 58000 | 57378 |

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന് ആസ്തി സൃഷ്ടിക്കുന്നതിനായി തുക വകയിരുത്തി പ്രോജക്ട് നടപ്പിലാക്കിയത് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണത്തിന് ഉതകുന്ന തരത്തിൽ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 എഴുമറ്റൂർ വൃദ്ധസദനം വയറിംഗ് - പദ്ധതി പൂർത്തീകരണത്തിന് ശേഷം കെ.എസ്.ഇ.ബി-യിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും, പേരും | 01/16 -എഴുമറ്റൂർ വൃദ്ധസദനം വയറിംഗ് |
| വകയിരുത്തിയ തുക | 250000 (റോഡിതര മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവഴിച്ച തുക | 216700 (ബിൽ നം./തീ. 1/ 21.08.2015) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |

പ്രോജക്ട് പ്രകാരം എഴുമറ്റൂർ വൃദ്ധസദനം വയറിംഗിനായി 216700 രൂപ പത്തനംതിട്ട പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കി. വൃദ്ധസദനത്തിന്റെ വയറിംഗ് പൂർത്തീകരിച്ചതായി ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു.. ആയതിനാൽ പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ എന്നിവ അടിയന്തിരമായി ലഭ്യമാക്കണമെന്ന് കാണിച്ച് (നം.4/16 തീ. 22-02-2017) ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് മറുപടിയായി പ്രവൃത്തി പൂർത്തീകരണത്തിന് ശേഷം 34252 രൂപ കെ.എസ്.ഇ.ബിയിൽ അവശേഷിക്കുന്നതായി അറിയിച്ചു. ഈ തുക അടിയന്തിരമായി തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 പത്രപ്പരസ്യം നൽകിയതിന് അർഹമായ സബ്സിഡി നേടിയെടുത്തില്ല

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകപ്പിന്റെ 22-01-2013 ലെ ജി.ഒ (പി)1/131/I & PRD നമ്പർ ഉത്തരവ്, 10-09-2014-ലെ ജി.ഒ.(ആർ.ടി.)നം.288/14/I&PRD നമ്പർ ഉത്തരവ് എന്നിവ പ്രകാരം വകപ്പ് മുഖേനയോ നേരിട്ടോ മലയാള ദിനപ്പത്രങ്ങളിൽ അച്ചടിക്കായി നൽകന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ ദിനപ്പത്രത്തിൽ പരസ്യം നൽകിയ ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത ആനുകൂല്യം പ്രയോജനപ്പെടുത്തിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പരസ്യം നൽകിയ ദിനപ്പത്രം | പരസ്യം പ്രസിദ്ധീകരിച്ച തീയതി | നൽകിയ തുക | ഡി.ഡി നമ്പരും തീയതിയും |
|---|---|---|---|
| മംഗളം | 12-09-2015 | 8500 | 857900/12-11-2015 |
| മംഗളം | 27-09-2015 | 8784 | |
| മംഗളം | 16-01-2016 | 10600 | 859035/22-022016 |
| ആകെ | | 27884 | |

15% ഡിസ്കൗണ്ട് നേടിയെടുത്തിരുന്നുവെങ്കിൽ 4183 രൂപ (27884x15%) ലാഭിക്കുവാൻ കഴിയുമായിരുന്നു. പരസ്യം നൽകുമ്പോൾ അർഹമായ സബ്സിഡി നേടിയെടുക്കുന്നതിന് ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 പട്ടികജാതി വിഭാഗക്കാർക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് ധനസഹായം - ഗ്രാമസഭ വഴി തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി

| | |
|---|---|
| പ്രോജക്ട് നം. | 23/15-16 |
| പ്രോജക്റ്റിന്റെ പേര് | പട്ടികജാതി വിഭാഗക്കാർക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് ധനസഹായം |
| വകയിരുത്തിയ തുക | 420100 |
| ചെലവഴിച്ച തുക | 350000 |

പ്രസ്തുത പ്രോജക്ട് പ്രകാരം ഏഴ് ഗുണഭോക്താക്കൾക്ക് വിദേശത്ത് ജോലി നേടുന്നതിന് 50000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളെ ഗ്രാമസഭ വഴിയല്ല തെരഞ്ഞെടുത്തിരിക്കുന്നത്, പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ടി പ്രോജക്റ്റിന് ഗ്രാമസഭ വഴി തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് മാത്രമെ ആനുകൂല്യം നൽകാൻ സാധിക്കുകയുള്ളൂ. ബ്ലോക്ക് പഞ്ചായത്തിന് ഗുണഭോക്താക്കളെ നേരിട്ട് കണ്ടെത്തുന്നതിന് സാധിക്കുകയില്ല. ആയതിനാൽ പഞ്ചായത്തുകളിൽ നിന്നും ഗ്രാമസഭ വഴി തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് സ്വീകരിച്ച് ആയത് പ്രകാരമാണ് ആനുകൂല്യം നൽകേണ്ടിയിരുന്നത്. തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും, വിലാസവും | നൽകിയ തുക | ഡി.ഡി. നമ്പരും തീയതിയും |
|---|---|---|---|
| 1 | വിഷ്ണു.റ്റി.ആർ., തൈപ്പറമ്പിൽ വീട്, എഴുമറ്റൂർ | 50000 | 858659/30-01-16 |
| 2 | ദിലീപ് കുമാർ, വെള്ളിക്കര, കോയിപ്രം | 50000 | 858660/30-01-16 |
| 3 | അനീഷ് കുമാർ, മരംകൊള്ളിൽ, തോട്ടപ്പുഴശ്ശേരി | 50000 | 858661/30-01-16 |
| 4 | അജുദാസ്, കല്ലുമാലിക്കൽ, കോയിപ്രം | 50000 | 858662/30-01-16 |
| 5 | രതീഷ്.പി.ഡി., പാറയിൽ, തോട്ടപ്പുഴശ്ശേരി | 50000 | 858663/30-01-16 |
| 6 | രേഷ്മ ഗോപി, കച്ചുകുഴി മേപ്രത്ത്, വെണ്ണിക്കുളം.പി.ഒ. | 50000 | 858872/30-01-16 |
| 7 | വൈശാഖ് കുമാർ, ഇഞ്ചേലി തടത്തിൽ, വള്ളംകുളം.പി.ഒ | 50000 | 859437/30-01-16 |
| | ആകെ | 350000 | |

ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് സബ്സിഡി നൽകിയ അപാകതക്ക് വിശദീകരണം നൽകണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/17 തീയതി 22-02-2017) മറുപടിയായി ചുരുങ്ങിയ സമയത്തിനുള്ളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ട സാഹചര്യമുണ്ടായതിനാൽ പത്രപ്പരസ്യം നൽകിയാണ് തെരഞ്ഞെടുപ്പ് നടത്തിയെന്നാണ് അറിയിച്ചത്. എന്നാൽ ഗ്രാമസഭ വഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാത്ത സാഹചര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല. ചെലവ് തുകയായ 350000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-14 1:2:4 അനുപാതത്തിലുള്ള റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് 103056 രൂപയുടെ നഷ്ടം

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസി.എഞ്ചിനീയർ നടപ്പിലാക്കിയ വിവിധ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയിട്ടുള്ളതായി കാണുന്നു. 17.04.2013-ൽ പ്രാബല്യത്തിൽ വന്നിട്ടുള്ള DSR (Delhi Scheduled Rate) പ്രകാരമാണ് 2015-16 വാർഷിക പദ്ധതിയിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുള്ളത്. CPWD, Analysis of Rates-2014, Volume-1 പ്രകാരം 1:2:4 അനുപാതത്തിലുള്ള റോഡ് കോൺക്രീറ്റിംഗിന്റെ (DSR Code: 4.1.3) അടിസ്ഥാന നിരക്ക് (Base Rate) 4753.29 രൂപയാണ്. PWD, ചീഫ് എഞ്ചിനീയറുടെ 15.12.2014-ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 01.04.2014 മുതൽ ബാധകമായ Cost Index 40.95% ആണ്. ഇത

പ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6699.76/$m^3$ ആണ് (with CP&OH - 7704.72/$m^3$) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

For 1:2:4 Concreting (DSR Code:4.1.3) - Details of cost for 1 cum

| 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 0295 | Stone aggregate (Single size)-20mm nominal size | Cum | 0.670 | 1175 | 787.25 |
| 0297 | Stone aggregate (Single size)-10mm nominal size | Cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone aggregate below 40mm nominal size | Cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand(Zone III) | Cum | 0.445 | 1200 | 534 |
| 2203 | Carriage of Coarse sand | Cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement(0.2225 cum) | Tonne | 0.320 | 6300 | 2016 |
| 2209 | Carriage of Cement | Tonne | 0.320 | 94.65 | 30.29 |
| | Labour | | | | |
| 0155 | Mason(Average) | Day | 0.100 | 417 | 41.70 |
| 0114 | Beldar | Day | 1.630 | 329 | 536.27 |
| 0101 | Bhisti | Day | 0.700 | 363 | 254.10 |
| 0002 | Hire Charge of concrete mixer 0.25 to 0.40 cum with Hopper | Day | 0.070 | 800 | 56.00 |
| 0012 | Vibrator(needle type 40mm) | Day | 0.070 | 350 | 24.50 |
| 9999 | Sundries | LS | 14.30 | 1.78 | 25.45 |
| | | | | Total | 4706.23 |
| Add water charge 1% 23/15-16 | | | | | 47.06 |
| Sub Total | | | | | 4753.29 |
| Cost Index for Pathanamthitta 40.95% | | | | | 1946.47 |
| Total | | | | | 6699.76 |
| Add 15% CP+OH | | | | | 7704.72 |

എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ റോഡ് നിർമ്മാണത്തിന് അവലംബിക്കേണ്ട സ്പെസിഫിക്കേഷനു പകരം (Code 4.1.3) പകരം തറ നിരപ്പാക്കലിന് ബാധകമായ സ്പെസിഫിക്കേഷനും, നിരക്കും (8117.59/$m^3$) അവലംബിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് കണ്ടു.

For Flooring (DSR Code:11.7) - Details of cost for 1$m^3$

| Cement Concrete pavement with 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) including finishing complete | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 4.1.3 | Rate as per item 4.1.3 of DSR ,concrete work | M3 | 1 | 4753.29/m3 | 4753.29 |
| Labour: Extra labour for laying in floors etc. | | | | | |
| 0124 | Mason(brick layer) 2nd class | Day | 0.350 | 399.00 | 139.65 |
| 0114 | Bheldar | day | 0.180 | 329.00 | 59.22 |
| 0101 | Bhisti | day | 0.050 | 363.00 | 18.15 |
| 9999 | Sundries | LS | 19.760 | 1.78 | 35.17 |
| Sub Total | | | | | 5005.48 |
| Add 1% water charge except for 4.1.3 (252.19x1%) | | | | | 2.52 |
| Total | | | | | 5008 |
| Cost Index for Pathanamthitta, 40.95% | | | | | 2050.78 |
| Total | | | | | 7058.78 |

| | |
|---|---|
| Add 15% CP+OH | 8117.59 |

മേൽ പറഞ്ഞ പ്രകാരം അധിക നിരക്ക് അനുവദിച്ചതിലൂടെ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | അളവ് ($m^3$) | പ്രതിഫലം നൽകിയത് (with CP+OH @8117.59/$m^3$) | അനുവദനീയമായത് (with CP+OH @7704.72/$m^3$) | വ്യത്യാസം | ടെണ്ടർ കുറവ് | നഷ്ടം |
|---|---|---|---|---|---|---|---|
| | തേവര്കുന്ന് - വള്ളക്കടവ് റോഡ് കോൺക്രീറ്റിംഗും, റാമ്പ് നിർമ്മാണവും<br>പ്രോജക്ട് നമ്പർ - 12/16<br>അടങ്കൽ - ₹423128<br>കരാറുകാരൻ - ശ്രീ ഹരിലാൽ<br>ടെണ്ടർ നിരക്ക് - 23% കുറവ്<br>ചെലവ് - ₹417905<br>ബിൽ നം., തീ. - 128/29.03.16<br>എം.ബുക്ക് നമ്പർ - 4/16 | 22 | 178586.98 | 169503.84 | 9083.14 | 2089 | 6994 |
| 2 | മുക്കഴി - ചിരട്ടോലിത്തടം റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നമ്പർ - 13/16<br>അടങ്കൽ - ₹374612<br>കരാറുകാരൻ - ശ്രീ അനിൽ വർഗ്ഗീസ്<br>ടെണ്ടർ നിരക്ക് - 24.99% കുറവ്<br>ചെലവ് - ₹374612<br>ബിൽ നം., തീ. - 65/18.02.16<br>എം.ബുക്ക് നമ്പർ - 3/15-16 | 30.40 | 246774.74 | 234223.48 | 12551.26 | 3137 | 9415 |
| 3 | പ്ലാച്ചേരി-പന്നിക്കുന്ന് റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നമ്പർ - 14/16<br>അടങ്കൽ - ₹374545<br>കരാറുകാരൻ - ശ്രീ അനിൽ വർഗ്ഗീസ്<br>ടെണ്ടർ നിരക്ക് - 24.99% കുറവ്<br>ചെലവ് - ₹371900<br>ബിൽ നം., തീ. - 62/18.02.16<br>എം.ബുക്ക് നമ്പർ - 6/15-16 | 35.175 | 285536.23 | 271013.53 | 14522.7 | 3629 | 10893 |
| 4 | കണ്ടൂർപടി-കണോത്തുപ്പടി റോഡ് കോൺക്രീറ്റിംഗും, പാർശ്വഭിത്തി നിർമ്മാണവും | 24.75 | 200910.35 | 190691.82 | 10218.53 | 2452 | 7766 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പ്രോജക്ട് നമ്പർ - 15/16<br>അടങ്കൽ - ₹379300<br>കരാറുകാരൻ - ശ്രീ ഹരിലാൽ പി.ജെ.<br>ടെണ്ടർ നിരക്ക് - 24% കറവ്<br>ചെലവ് - ₹369108<br>ബിൽ നം., തീ. - 127/29.03.16<br>എം.ബുക്ക് നമ്പർ - 15/15-16 | | | | | | |
| 5 | ചൂരനോലിപടി - എരുത്തിക്കല്ലടി - മാർത്തോമ്മ പാഴ്സനേജ് പടി റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നമ്പർ - 24/16<br>അടങ്കൽ - ₹412346<br>കരാറുകാരൻ - ശ്രീ ഹരിലാൽ പി.ജെ.<br>ടെണ്ടർ നിരക്ക് - 24.99% കറവ്<br>ചെലവ് - ₹410751<br>ബിൽ നം., തീ. - 17/21.03.16<br>എം.ബുക്ക് നമ്പർ - 12/15-16 | 32.90 | 267068.71 | 253485.29 | 13583.42 | 3394 | 10189 |
| 6 | ഓത്തുമാങ്കല്ലടി - മലങ്കോട്ടപടി റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നമ്പർ - 25/16<br>അടങ്കൽ - ₹374612<br>കരാറുകാരൻ - ശ്രീ ഹരിലാൽ പി.ജെ.<br>ടെണ്ടർ നിരക്ക് - 24.99% കറവ്<br>ചെലവ് - ₹374612<br>ബിൽ നം., തീ. - 65/18.02.16<br>എം.ബുക്ക് നമ്പർ - 9/15-16 | 31.065 | 252172.93 | 239347.13 | 12825.8 | 3205 | 9621 |
| 7 | കല്ലോത്തുപടി - വാലൻപടി റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നമ്പർ - 26/16<br>അടങ്കൽ - ₹410996<br>കരാറുകാരൻ - ശ്രീ അനിൽ വർഗ്ഗീസ്<br>ടെണ്ടർ നിരക്ക് - 24.99% കറവ്<br>ചെലവ് - ₹410442<br>ബിൽ നം., തീ. - 60/18.02.16<br>എം.ബുക്ക് നമ്പർ - 5/15-16 | 32.956 | 267523.3 | 253916.75 | 13606.55 | 3400 | 10206 |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | ചെല്ലോത്ത്പാറ കോളനി - എം.റ്റി.എൽ.പി.എസ്. സ്കൂൾ റോഡ് പുനരുദ്ധാരണം<br>പ്രോജക്റ്റ് നമ്പർ - 27/16<br>അടങ്കൽ - ₹423232<br>കരാറുകാരൻ - ശ്രീ അജു കെ.എ.<br>ടെണ്ടർ നിരക്ക് - 24.792%കുറവ്<br>ചെലവ് - ₹413169<br>ബിൽ നം., തീ. - 56/21.03.16<br>എം.ബുക്ക് നമ്പർ - 7/15-16 | 32.50 | 263821.68 | 250403.4 | 13418.28 | 3327 | 10092 |
| 9 | വാഴോലിൽപടി - വടികളം ട്രാൻസ്ഫോർമർപടി റോഡ് പുനരുദ്ധാരണം<br>പ്രോജക്റ്റ് നമ്പർ - 28/16<br>അടങ്കൽ - ₹460958<br>കരാറുകാരൻ - ശ്രീ അജു കെ.എ.<br>ടെണ്ടർ നിരക്ക് - 24.999% കുറവ്<br>ചെലവ് - ₹460957<br>ബിൽ നം., തീ. - 51/21.03.16<br>എം.ബുക്ക് നമ്പർ - 14/15-16 | 37.30 | 302786.11 | 287386.06 | 15400.05 | 3850 | 11550 |
| 10 | കനാൽ - കോഴിമല കോളനി റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്റ്റ് നമ്പർ - 30/16<br>അടങ്കൽ - ₹524870<br>കരാറുകാരൻ - ശ്രീ അജു കെ.എ.<br>ടെണ്ടർ നിരക്ക് - 24.999% കുറവ്<br>ചെലവ് - ₹524870<br>ബിൽ നം., തീ. - 53/21.03.16<br>എം.ബുക്ക് നമ്പർ - 8/15-16 | 41.75 | 338909.38 | 321672.06 | 17237.32 | 4309 | 12928 |
| 11 | പേരുംപാറ – മയിലാട്ടുംപാറ റോഡ് നിർമ്മാണം<br>പ്രോജക്റ്റ് നമ്പർ - 44/16<br>അടങ്കൽ - ₹384531<br>കരാറുകാരൻ - ശ്രീ ഹരിലാൽ<br>ടെണ്ടർ നിരക്ക് - 23% കുറവ്<br>ചെലവ് - ₹384461 | 10.70 | 86858.21 | 82440.5 | 4417.71 | 1016 | 3402 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ബിൽ നം., തീ. - 13/21.03.16<br><br>എം.ബുക്ക് നമ്പർ - 10/15-16 | | | | | | |
| | ആകെ | | | | | | 103056 |

മേൽ പറഞ്ഞപ്രകാരം അധികം നൽകിയ 103056 രൂപ നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എക്സി.എഞ്ചിനീയറിൽനിന്നും ഈടാക്കേണ്ടതാണ്.

## 3-15 കുടുംബശ്രീ വിപണന കേന്ദ്രം നിർമ്മാണം പാതി വഴിയിൽ ഉപേക്ഷിച്ചു; ഗുണഭോക്തൃസമിതി കൺവീനർക്കെതിരെ നടപടി സ്വീകരിക്കുകയോ, നഷ്ടം ഈടാക്കുകയോ ചെയ്തില്ല

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഇരവിപേരൂർ ഗ്രാമപഞ്ചായത്തിലെ സ്വയംസഹായ സംഘങ്ങൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കും പ്രയോജനപ്രദമാകുന്ന രീതിയിൽ ഓതറ പബ്ലിക് മാർക്കറ്റിൽ പഞ്ചായത്ത് വക സ്ഥലത്ത് കുടുംബശ്രീ വിപണന കേന്ദ്രം നിർമ്മിക്കുന്നതിന് 2010-11 സാമ്പത്തിക വർഷം എസ്.ജി.എസ്.വൈ. ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽനിന്നും 12.56 ലക്ഷം രൂപ അടങ്കൽ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിരുന്നു. വിപണന കേന്ദ്ര നിർമ്മാണത്തിനായി ഗുണഭോക്തൃസമിതി രൂപീകരിക്കുകയും ശ്രീ സി.പി. സുരേഷ് കുമാർ, ചെറുകര പുതിയവീട്, ഓതറ എന്ന വ്യക്തിയെ കൺവീനറായി തെരഞ്ഞെടുക്കുകയും 04.02.2011-ൽ ടിയാൻ ബ്ലോക്ക് പഞ്ചായത്തുമായി കരാർ ഒപ്പിടുകയും ചെയ്തു (എഗ്രിമെന്റ് നം.21(A)/10-11). പ്രവൃത്തിയുടെ മൊബലൈസേഷൻ അഡ്വാൻസായി ചെക്ക് നം. 795375/14.02.11 പ്രകാരം 100000 രൂപയും, 30.03.2011-ലെ 795379 നമ്പർ ചെക്ക് പ്രകാരം പാർട്ട് ബില്ലായി 112915 രൂപയും കൈപ്പറ്റിയിരുന്നു. കെട്ടിടത്തിന്റെ ഫൗണ്ടേഷൻ നിർമ്മാണം മാത്രം പൂർത്തിയാക്കി പാർട്ട് ബിൽ കൈപ്പറ്റിയ കൺവീനർ തുടർന്ന് പണി നടത്തിയിട്ടില്ല. 12.01.2012-ൽ കൺവീനർ സമർപ്പിച്ച അപേക്ഷയിൽ നിർമ്മാണ പ്രവൃത്തി തുടർന്നു പോകുന്നതിന് വ്യക്തിപരമായി ബുദ്ധിമുട്ടുള്ളതിനാൽ ചെയ്ത പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തി ബാക്കി പണം നൽകി കൺവീനർ സ്ഥാനത്തുനിന്നും ഒഴിവാക്കണമെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പാർട്ട് ബില്ല് പ്രകാരം രേഖപ്പെടുത്തിയതിൽ കൂടുതൽ പണികൾ ഒന്നും തന്നെ കൺവീനർ നടത്തിയിട്ടില്ലെന്ന് ബ്ലോക്ക് പഞ്ചായത്തിലെ അസി.എക്സി.എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകി. ഇതിനെ തുടർന്ന് മൊബലൈസേഷൻ അഡ്വാൻസായ 100000രൂപയും, പാർട്ട്ബിൽ തുകയായി കൈപ്പറ്റിയ 112915 രൂപയും ഉൾപ്പടെയുള്ള 212915 രൂപയിൽനിന്നും പാർട്ട് ബിൽ തുകയായ 132372 രൂപ കുറച്ചുള്ള 80543 രൂപ പലിശ സഹിതം 20.09.2014-ന് മുമ്പായി തിരികെ അടയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 30.08.2014-ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കൺവീനർക്ക് നോട്ടീസ് അയച്ചിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ കാണാൻ സാധിച്ചു. എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള പ്രസ്തുത കത്തിൽ സെക്രട്ടറി കൈയ്യൊപ്പ് രേഖപ്പെടുത്തിയിട്ടില്ല. കത്ത് രജിസ്റ്റേർഡ് തപാലിൽ അയച്ചതിന്റെ തെളിവോ, കത്ത് കൺവീനർ കൈപ്പറ്റിയതിന്റെ അക്നോളജ്മെന്റോ ഫയലിലില്ല. ആയതിനാൽ പ്രസ്തുത നോട്ടീസ് യഥാർത്ഥത്തിൽ കൺവീനർക്ക് അയച്ചുനൽകിയിട്ടുണ്ടോ എന്നുപോലും ഉറപ്പാക്കാനായിട്ടില്ല. എന്തുതന്നെയായാലും കരാർ ലംഘനം നടത്തി പണി പാതി വഴിയിൽ ഉപേക്ഷിച്ച് പൊതു ഖജനാവിന് നഷ്ടം വരുത്തിയ കൺവീനർക്കെതിരെ എഗ്രിമെന്റിലെയും, മരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി നിയമനടപടികൾ സ്വീകരിച്ച് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടം ഈടാക്കുന്നതിന് അധികൃതർ ആറ് മാസമായി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

കൺവീനർ ബ്ലോക്ക് പഞ്ചായത്തുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം കൺവീനർ പ്രവൃത്തി പൂർത്തിയാക്കാതെ ഉപേക്ഷിച്ചു പോവുകയാണെങ്കിൽ കരാർ ഉടമ്പടി റദ്ദാക്കുന്നതിനും ബാക്കി ചെയ്തു തീർക്കേണ്ടതായ പ്രവൃത്തികൾ മറ്റൊരു ഏജൻസി വഴി പൂർത്തിയാക്കുന്നതിനും, അതുകാരണം പഞ്ചായത്തിന് വഹിക്കേണ്ടിവരുന്ന അധിക ചെലവും നഷ്ടവും കൺവീനർ നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു. ഇതിന് കൺവീനർ സ്വമേധയാ തയ്യാറായില്ലെങ്കിൽ കൺവീനറിൽനിന്നും റവന്യു റിക്കവറി നടപടി സ്വീകരിക്കുന്നതിനും വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ കൺവീനർക്കെതിരെ യാതൊരു നടപടികളും സ്വീകരിക്കാതെ കൺവീനർ ഉപേക്ഷിച്ച ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് 2014-15-ലെ വാർഷിക പദ്ധതിയിൽ 25.5 ലക്ഷം രൂപ വകയിരുത്തി പുതിയ പ്രോജക്ട് ആവിഷ്കരിച്ച് (പ്രോജക്ട് നം.05/14-15) ടെണ്ടർ ചെയ്ത് വിപണന കേന്ദ്രം നിർമ്മാണം പൂർത്തിയാക്കുകയാണ് ബ്ലോക്ക് പഞ്ചായത്ത് അധികൃതർ ചെയ്തിട്ടുള്ളത്. കൺവീനർ പാതിവഴിയിൽ ഉപേക്ഷിച്ച പ്രവൃത്തി നിയമപ്രകാരം ക്ലോസ് ചെയ്യുക പോലും ചെയ്യാതെ പുതുക്കിയ ഷെഡ്യൂൾ നിരക്കിൽ ബാക്കിയായ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി പൂർത്തിയാക്കിയ അധികൃതരുടെ നടപടി മരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളുടെ ലംഘനമാണ്.

ഏറ്റെടുത്ത പ്രവൃത്തി പാതി വഴിയിൽ ഉപേക്ഷിക്കുക വഴി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് ഭീമമായ നഷ്ടം വരുത്തിയ കൺവീനർക്കെതിരെയും, ഗുണഭോക്തൃസമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിക്കെതിരെയും നിയമനടപടികൾ സ്വീകരിക്കാതിരുന്ന ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെ നടപടി അക്ഷന്തവ്യമായ കൃത്യവിലോപമാണ്. 02.02.2012 മുതൽ (പ്രവൃത്തിയുടെ നിർവ്വഹണ ചുമതലയിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള കൺവീനറുടെ കത്ത് ബ്ലോക്ക്പഞ്ചായത്തിൽ ലഭിച്ച തീയതി) നാളിതുവരെ ചുമതലയുണ്ടായിരുന്ന എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരും ഈ വീഴ്ചയ്ക്ക് തുല്യ ഉത്തരവാദികളാണ്. ആയതിനാൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം 80543 രൂപ 12% പിഴപലിശ സഹിതം ഇവരിൽനിന്നും തുല്യമായി ഈടാക്കുന്നതിന് നിലവിലുള്ള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പുതിയ ഷെഡ്യൂൾ പ്രകാരം പ്രവൃത്തിക്കുണ്ടായ കാലിക ചെലവ് കണക്കാക്കി ആയതും ഉത്തരവാദികളിൽ നിന്ന് ഈടാക്കുവാൻ നടപടി സ്വീകരിക്കുവാൻ ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 3-16 പട്ടികജാതി വികസന വികസന ഓഫീസറുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കി

പട്ടികജാതി വികസന ഫണ്ട് വകയിരുത്തി നടപ്പിലാക്കുന്ന പൊതു സൗകര്യ പ്രോജക്ടുകളുടെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടിക ജാതിക്കാരായിരിക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികയും, സാമൂഹ്യ ഭൂപടവും ബന്ധപ്പെട്ട പ്രദേശത്തിന്റെ ചുമതലയുള്ള പട്ടിക ജാതി വികസന ഓഫീസർ സ്ഥല പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം (2015-16) നടപ്പിലാക്കിയ താഴെ പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ മേൽപറഞ്ഞ പ്രകാരമുള്ള സാക്ഷ്യപത്രം (Feasibility Certificate) ലഭ്യമാക്കിയിട്ടില്ലെന്നു കാണുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | പദ്ധതി അടങ്കൽ | ചെലവഴിച്ച തുക | ട്രഷറി ബിൽ നം., തീ. |
|---|---|---|---|---|---|
| 1 | 44/16 | പെരുപാറ – മയിലാട്ടംപാറ റോഡ് നിർമ്മാണം | 384461 | 384461 | 13/21.03.16 |
| 2 | 56/16 | ഇരവിപേരൂർ ഗ്രാമപഞ്ചായത്തിലെ എസ്.സി. കോളനികളിൽ കുടിവെള്ള പദ്ധതി | 1515599 | 1515599 | 164/31.03.16 |
| | | ആകെ | | 1900060 | |

ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനയ്ക്ക് വിധേയമായിട്ടല്ല ഈ പ്രോജക്ടുകൾക്ക് പട്ടികജാതി വികസന ഫണ്ട് വകയിരുത്തി പ്രവൃത്തി നടത്തിയിട്ടുള്ളത്.

പ്രോജക്ട് നം. 56/16 പ്രകാരം ഇരവിപേരൂർ ഗ്രാമപഞ്ചായത്തിലെ മൈലാട്ടംപാറ കോളനി, മുളംകൂട്ടം കോളനി, ചെറുപുലത്ത് കോളനി എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനാണ് കേരള വാട്ടർ അതോറിറ്റിയുടെ തിരുവല്ല ഡിവിഷനിൽ തുക ഒടുക്കിയിട്ടുള്ളത്. ആവശ്യമായ നടപടി ക്രമങ്ങൾ പാലിക്കാതെയാണ് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ഒരു നിർമ്മാണ പ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റിയിൽ തുക മുൻകൂർ നൽകണമെങ്കിൽ പ്രസ്തുത പ്രവൃത്തിക്കുള്ള ഡീറ്റയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി ബന്ധപ്പെട്ട ഏജൻസി തദ്ദേശഭരണ സ്ഥാപനത്തിന് ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ അപ്രകാരം ചെയ്യാതെ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. പ്രോജക്ടിന് അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ KWA-യുമായി തദ്ദേശഭരണ

സ്ഥാപനം കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ മുൻകൂർ നൽകാവൂ. എന്നാൽ ഈ പദ്ധതിയുടെ കാര്യത്തിൽ വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചിട്ടില്ല. കൂടാതെ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലവിതരണം നടത്താനുദ്ദേശിച്ച് തയ്യാറാക്കുന്ന പ്രോജക്ടുകളോടൊപ്പം വാട്ടർ അതോറിറ്റിയിൽനിന്നുള്ള അനുമതി പത്രം സമർപ്പിച്ചിരിക്കണമെന്ന നിബന്ധനയുമുണ്ട്. എന്നാൽ ഇപ്രകാരമുള്ള അനുമതി പത്രം ഹാജരാക്കിയിട്ടില്ല. പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രവും നാളിതുവരെ ഹാജരാക്കിയിട്ടില്ല.

ആയതിനാൽ ചെലവ് തുകയായ 1900060 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 കാഞ്ഞീറ്റുകര സി.എച്ച്.സി-യുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ പൊളിച്ചുമാറ്റിയ വിലപിടിപ്പുള്ള തടി ഉരുപ്പടികളും, ഓടും ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | S0049/16 |
| കൺവീനർ | ശ്രീ പി.ജെ. ഹരിലാൽ |
| അടങ്കൽ | ₹ 900000 |
| ചെലവ് | ₹ 861252 |
| ട്രഷറി ബിൽ നം. | 119/31.03.16 |
| എം.ബുക്ക് നം. | 16/15-16 |

കാഞ്ഞീറ്റുകര സി.എച്ച്.സി. കെട്ടിട പുനരുദ്ധാരണത്തിന്റെ ഭാഗമായി ഒ.പി. ബ്ലോക്കിന്റെ ഓടുമാറ്റി പകരം GI ഷീറ്റ് ഇട്ട് PVC സീലിംഗ് ഇടുന്നതിനും മറ്റുമായി റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 9 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി 861251 രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

ഈ പ്രവൃത്തിയുടെ ഇനം.1 പ്രകാരം ഒ.പി. ബ്ലോക്കിന്റെ 422.186$m^2$ വരുന്ന മേൽക്കൂര പൊളിച്ച് നീക്കിയതിന് 43498.98 രൂപ ചെലവഴിച്ചിട്ടുണ്ട് (Qty.limited to 399$m^2$ @ 109.02/$m^2$). ഉദ്ദേശ്യം 4500 അടി വിസ്തൃതിയിലുള്ള മേൽക്കൂര പൊളിച്ചുമാറ്റിയപ്പോൾ ലഭിച്ച വിലപിടിപ്പുള്ള തടി ഉരുപ്പടികളും (കഴുക്കോലും, ഉത്തരവും, തടിയിലുള്ള സീലിംഗും), ഓടും അട്ടിവച്ച് അളവ് എടുത്ത് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഇവയുടെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കി മൂല്യ നിർണ്ണയം നടത്തുകയോ, പരസ്യലേലം നടത്തി തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ പൊളിച്ച് മാററിയ ഉരുപ്പടികളിൽ ഏറിയ പങ്കും ഉപയോഗയോഗ്യമാണെന്ന് അറിയാൻ സാധിച്ചിട്ടുണ്ട്.

പ്രവൃത്തിയുടെ ഭാഗമായി പൊളിച്ചുമാറ്റുന്ന മെറ്റീരിയത്സിന്റെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കി മൂല്യനിർണ്ണയം നടത്തി പരസ്യലേലം നടത്താൻ നടപടികൾ സ്വീകരിക്കേണ്ടത് പ്രവൃത്തിയുടെ നിർവ്വഹണ ചുമതല വഹിച്ച അസി.എക്സി.എഞ്ചിനീയറുടെ ചുമതലയാണ്. ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അടിയന്തിരമായി ഇവ ലേലം ചെയ്യാനുള്ള നടപടികൾ കൈക്കൊള്ളുന്നതിൽ ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

## 3-18 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി റോഡ് നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തുമായി ചേർന്ന് സംയുക്ത പദ്ധതി നടപ്പിലാക്കി

ഇരവിപേരൂർ ഗ്രാമപഞ്ചായത്തിലെ രണ്ട് റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 1.5 ലക്ഷം രൂപ വീതം നൽകുന്നതിന് 2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംയുക്ത പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. സംയുക്ത പ്രോജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയ്ക്കും, സർക്കാർ ഉത്തരവിനും വിരുദ്ധമായാണ് പ്രസ്തുത പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരവും, സബ്സിഡി മാർഗ്ഗരേഖ പ്രകാരവും സംയുക്ത പ്രോജക്ടുകളായി നടപ്പിലാക്കാവുന്നതാണെന്ന് പറഞ്ഞിട്ടുള്ള പ്രോജക്ടുകൾ മാത്രമേ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കാൻ പാടുള്ളുവെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. മാർഗ്ഗരേഖപ്രകാരം റോഡ് നിർമ്മാണ പ്രവൃത്തികൾ സംയുക്ത പ്രോജക്ടായി ഏറ്റെടുക്കുന്നതിന് അനുമതി ഉണ്ടായിരുന്നില്ല. എന്നാൽ 21.08.2014-ലെ സ.ഉ.(സാധാ.)നം.2179/14/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ ഒരു റോഡിന് 5 ലക്ഷം രൂപ വകയിരുത്തുകയും റോഡിന്റെ വീതി 6 മീറ്റർ ഉണ്ടായിരിക്കുകയും ചെയ്യുകയാണെങ്കിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലല്ല ബ്ലോക്ക് പഞ്ചായത്ത് ഈ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുള്ളത്. ഒരു റോഡിന് 5 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തണമെന്ന നിബന്ധന പാലിച്ചില്ല. റോഡിന്റെ വീതി 6 മീറ്റർ ഉണ്ടെന്ന ഗ്രാമപഞ്ചായത്ത് അധികൃതരുടെ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. കൂടാതെ സംയുക്ത പ്രോജക്ടുകൾക്ക് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള സമയക്രമവും ഈ പദ്ധതികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം തുക ഡിസംബർ 31-ന് മുമ്പായി കൈമാറിയിരിക്കണമെന്നും കൈപ്പറ്റിയ തുക അതത് സാമ്പത്തിക വർഷത്തിലെ ഫെബ്രുവരി അവസാനമെങ്കിലും ചെലവഴിച്ചിരിക്കണമെന്നും അങ്ങനെ ചെലവഴിച്ചില്ലെങ്കിൽ ആയത് തുക നൽകിയ തദ്ദേശഭരണ സ്ഥാപനത്തിലേക്ക് തിരിച്ചടക്കണമെന്നുമാണ് വ്യവസ്ഥ. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ഈ പദ്ധതികൾക്കുള്ള തുക 30.03.16-ൽ ട്രഷറിയിൽനിന്നുംമാറി 12.04.16-ലാണ് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ളത്. 08.06.2015-ൽ അംഗീകാരം ലഭിച്ച ഈ പ്രോജക്ടുകളുടെ ചെലവ് സമയബന്ധിതമായി നടത്തുന്നകാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് കൃത്യവിലോപമുണ്ടായിട്ടുണ്ട്.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | വിഹിതം നൽകിയ തുക | ട്രഷറി ബിൽ നം., തീയതി |
|---|---|---|---|---|
| 50/16 | എഴുമറ്റൂർ പഞ്ചായത്തിലെ തൊട്ടിയിൽപ്പടി - പറങ്കാമൂട്ടിൽപടി റോഡിന് ബ്ലോക്ക് വിഹിതം നൽകൽ | 450000 | 150000 | 150/30.03.15 |
| 52/16 | അത്യാൽ മേത്താനം റോഡിന് ബ്ലോക്ക് വിഹിതം നൽകൽ | 450000 | 150000 | 152/30.03.16 |
| | ആകെ | | 300000 | |

ടി തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് തീയതിയിലും ലഭ്യമാക്കിയിട്ടില്ലാത്തതിനാലും സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ചെലവ് ചെയ്തിട്ടുള്ളതിനാലും 300000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിന് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 3-19 അധിക കനത്തിൽ കോൺക്രീറ്റ് റോഡ് നിർമ്മിച്ച ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് 32878 രൂപ നഷ്ടം

| | |
|---|---|
| പ്രോജക്ട് നം. | S0012/16 |
| കരാറുകാരൻ | ശ്രീ ഹരിലാൽ പി.ജെ. (ടെണ്ടർ കുറവ് 23%) |
| അടങ്കൽ | ₹550000 |
| ചെലവ് | ₹ 417905 |
| എം.ബുക്ക് നം. | 4/16 |
| ട്രഷറി ബിൽ നം., തീയതി | 128/30.03.16 |

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന തേവരുകുന്ന് ദേവസ്വംബോർഡ് ക്ഷേത്രത്തിനോടു ചേർന്നുള്ള വള്ളപ്പുരയിൽനിന്നും കടവിലേക്കുള്ള 65 മീറ്റർ റോഡ് 4 മീറ്റർ വീതിയിൽ കോൺക്രീറ്റ് ചെയ്യുന്നതിനും കല്ലുകെട്ടി മുകൾഭാഗം കോൺക്രീറ്റ് ചെയ്ത് റാമ്പ് നിർമ്മിക്കുന്നതിനും പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 550000 രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽനിന്നും പമ്പാ നദിയിലേക്ക് ഇറങ്ങുന്ന കടവ് റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനാണ് പദ്ധതി നടപ്പലാക്കിയിട്ടുള്ളതെന്ന് വ്യക്തമായി. ഭാര വാഹനങ്ങൾ സഞ്ചരിക്കാത്ത നടവഴികൾ കോൺക്രീറ്റ് ചെയ്യുമ്പോൾ സബ് ബേസ് കോൺക്രീറ്റിന് 10 സെ.മീറ്ററും, ബേസ് കോൺക്രീറ്റിന് (wearing coat) 5 സെ.മീറ്റർ കനവും മതിയാകുന്നതാണ്. റോഡ് കോൺക്രീറ്റിംഗിന് കനം നിശ്ചയിക്കുന്നത് സംബന്ധിച്ച് പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്പഷ്ടീകരണം ആരാഞ്ഞതിനെ തുടർന്ന് തസ്വഭവ(ഡി.ബി) പ്രിൻസിപ്പൽ സെക്രട്ടറി 25.11.2013 ൽ നൽകിയ കത്തിൽ(നം. 39083/ഡി.ബി.3/13/തസ്വഭവ) ഗതാഗതസൗകര്യമില്ലാത്ത നടപ്പാതകളിൽ 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിന്റെ കനം 5 സെ.മീ നല്കിയാൽ മതിയെന്ന് സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ സംഗതിയിൽ യഥാക്രമം 10cm., 7.5cm കനത്തിലാണ് സബ് ബേസ്, ബേസ് കോൺക്രീറ്റിംഗുകൾ നടത്തിയിട്ടുള്ളത്. ബേസ് കോൺക്രീറ്റ് (c.c. Pavement with cement 1:2:4 for wearing coat) ആവശ്യമായതിൽ അധികം കനത്തിൽ ചെയ്ത ഇനത്തിൽ 32878 രൂപ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം നം. | ഇനം | ചെയ്ത അളവ്, നിരക്ക്, തുക | അനുവദനീയമായ അളവ്, നിരക്ക്, തുക | അധിക ചെലവ് |
|---|---|---|---|---|
| 4 | Cement concrete pavement with cement concrete 1:2:4 for wearing coat | 1x6.80x2.80x0.075=1.42<br>1x10x(4.55+5.25)/2x0.075=3.675<br>1x10x(5.25+5.8)/2x0.075=4.143<br>1x7x(5.8+5.9)/2=0.075=3.07<br>1x10x(5.9+5.1)/2x0.075=4.125<br>1x11x(5.1+4.9)/2x0.075=4.125<br>1x4x(4.9+4.1)/2x0.075=1.35<br>1x4x(4.1+3.8)/2x0.075=1.185<br>1x4.6x(3.8+2.55)/2x0.075=1.095<br>Total - 24.18m$^3$<br>Qty. limited to - 22 m3<br>@ 8117.59/m3 = 178586.98 | 1x6.80x2.80x0.05=0.952<br>1x10x(4.55+5.25)/2x0.05=2.45<br>1x10x(5.25+5.8)/2x0.05=2.76<br>1x7x(5.8+5.9)/2x0.05=2.047<br>1x10x(5.9+5.1)/2x0.05=2.75<br>1x11x(5.1+4.9)/2x0.05=2.75<br>1x4x(4.9+4.1)/2x0.05=0.90<br>1x4x(4.1+3.8)/2x0.05=0.79<br>1x4.6x(3.8+2.55)/2x0.05=0.73<br>Total = 16.129m$^3$ @ 8117.59/m3<br>= 130928.60 | 47658.38<br>(-) 23% tender below – 10961.43<br>= 36696.95 |

പ്രവൃത്തിക്ക് മേൽപറഞ്ഞ പ്രകാരം അധികം ചെലവഴിച്ച 36697 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതും, കുറഞ്ഞത് 6 മീറ്റർ വീതിയുള്ളതുമായ റോഡുകളുടെ നിർമ്മാണം മാത്രമേ ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കാൻ പാടുള്ളൂ. ദേവസ്വംബോർഡ് ക്ഷേത്രത്തിന്റെ വള്ളപ്പുരയിൽ നിന്നും കടവിലേക്കിറങ്ങുന്ന റോഡ് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള പൊതുവഴിയാണന്നതിനും വഴിക്ക് 6 മീറ്റർ വീതി ഉണ്ടെന്നുള്ളതിനും തെളിവില്ല. ഇക്കാരണത്താൽ പ്രവർത്തിക്ക് ചെലവഴിച്ച തുകയിൽ നിരാകരിച്ച തുക കിഴിച്ച് ബാക്കി 381208 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-20 നടപ്പിലാക്കാൻ സാധ്യതയില്ലാത്ത പ്രോജക്ടിന് വൻ തുക വകയിരുത്തി പദ്ധതി പണം ലാപ്സാക്കി

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന് കെട്ടിട സമുച്ചയ നിർമ്മാണത്തിന് പ്രോജക്ട് നം.55/16 പ്രകാരം 80 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല. 08.01.16-ലെ I(2) നമ്പർ തീരുമാന പ്രകാരം 2015-16, 2016-17വർഷങ്ങളിലെ വികസന ഫണ്ട് ഉപയോഗിച്ച് ബഹുവർഷ പ്രോജക്ടായി ബ്ലോക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനാണ് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചത്. 2015-16ൽ 17.23 ലക്ഷവും 2016-17 ൽ 62.77 ലക്ഷവും ചെലവഴിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. പ്രോജക്ടിന് അംഗീകാരം വാങ്ങിയിരിക്കുന്നത് 15.02.2016-ലാണ്. മണ്ണ് പരിശോധന നടത്തി, വിശദമായ പ്ലാനും എസ്റ്റിമേറ്റും, ഡിസൈനും തയ്യാറാക്കി നടപ്പിലാക്കേണ്ടതും സങ്കീർണ്ണ നടപടിക്രമങ്ങളിലൂടെ കടന്നു പോകേണ്ടതുമായ ഇത്തരം ഒരു പദ്ധതി വർഷാന്ത്യത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ കമ്മിറ്റി എടുത്ത തീരുമാനം ഉചിതമായിരുന്നില്ല. പദ്ധതിയുടെ നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നതിന് മതിയായ സമയം ലഭ്യമാകാതിരുന്നതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. വേണ്ടത്ര ആലോചന കൂടാതെയും പദ്ധതിയുടെ സാമ്പത്തിക സാങ്കേതിക വശങ്ങളെക്കുറിച്ച് ധാരണയില്ലാതെയും ധൃതിപിടിച്ച് കൊണ്ടുവന്ന ഈ പദ്ധതി ഒടുവിൽ ബ്ലോക്ക് പഞ്ചായത്ത് അധികൃതർ ഉപേക്ഷിക്കുകയാണുണ്ടായത്. 2016-17-ലെ വാർഷിക പദ്ധതിയിൽ ഈ പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്താതിരുന്നതിനാൽ ബ്ലോക്ക് പഞ്ചായത്തിന് അർഹമായ ക്യാരിഓവർ തുകയും നഷ്ടമായി.

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം എല്ലാ നിർമ്മാണ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് റിപ്പോർട്ട്, വിശദമായ എസ്റ്റിമേറ്റ്, അബ്സ്ട്രാക്ട് എസ്റ്റിമേറ്റ്, ലൊക്കേഷൻ മാപ്പ്, സൈറ്റ് പ്ലാൻ, ഡ്രോയിംഗ്സ് എന്നിവയും ആവശ്യമായ സംഗതികളിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും പ്രോജക്ടിനോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്. വിശദമായ എസ്റ്റിമേറ്റ് ഇല്ലാത്ത പ്രോജക്ടിന് അംഗീകാരം നൽകാൻ പാടില്ല. [സ.ഉ.(എം.എസ്.)നം.362/2013/തസ്വഭവ, തീ. 16.11.13, ഖ.11.13, xiv(ബി)]. എന്നാൽ വിശദമായ എസ്റ്റിമേറ്റും അനുബന്ധ രേഖകളും തയ്യാറാക്കാതെയാണ് വാർഷിക പദ്ധതിയിൽ ഈ പദ്ധതിയ്ക്ക് വൻതുക അടങ്കൽ വകയിരുത്തി പ്രോജക്ടിന് അംഗീകാരം വാങ്ങിയത്. എസ്റ്റിമേറ്റ് ഇല്ലാത്ത ഒരു പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക വഴി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ വികസന ആവശ്യങ്ങൾക്ക് വിനിയോഗിക്കാമായിരുന്ന 17.23 ലക്ഷം രൂപ വിനിയോഗിക്കാനാവാതെ ലാപ്സാകാനിടയായി. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നിർമ്മാണ പ്രവൃത്തിക്ക് അംഗീകാരം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-21 ബ്ലോക്ക് പഞ്ചായത്ത് വക കെട്ടിടത്തിൽ അനധികൃതമായി ക്യാന്റീൻ പ്രവർത്തിക്കുന്നു

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലുള്ള പഞ്ചായത്ത് വക കെട്ടിടത്തിൽ വർഷങ്ങളായി ഒരു ക്യാന്റീൻ പ്രവർത്തിച്ചുവരുന്നു. ബ്ലോക്ക് പഞ്ചായത്ത് വക കെട്ടിടത്തിൽ ക്യാന്റീൻ പ്രവർത്തിക്കാൻ തുടങ്ങിയത് എന്ന് മുതലാണെന്ന് ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥർക്ക് യാതൊരു ധാരണയുമില്ല. വളരെ വർഷങ്ങളായി ക്യാന്റീൻ ഇവിടെ പ്രവർത്തിക്കുന്നു എന്ന് മാത്രമാണ് അറിവുള്ളത്. ക്യാന്റീൻ നടത്തുന്ന വ്യക്തി ബ്ലോക്ക് പഞ്ചായത്തുമായി കരാർ വയ്ക്കുകയോ വാടക ഒടുക്കുകയോ ചെയ്യുന്നില്ല. ക്യാന്റീൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വൈദ്യുതിയും, വെള്ളവും ബ്ലോക്ക് പഞ്ചായത്ത് സൗജന്യമായാണ് നൽകുന്നത്. തികച്ചും സൗജന്യമായി ബ്ലോക്ക് പഞ്ചായത്തിലെ

സൗകര്യങ്ങൾ ഇപ്രകാരം ഒരു അന്യ വ്യക്തി ഉപയോഗിക്കുന്നത് അംഗീകരിക്കാവുന്നതല്ല. അപാകത ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ക്യാന്റീനിന്റെ പ്രവർത്തനം വ്യവസ്ഥാപിതമാക്കുന്നതിനും, കെട്ടിടം ഉപയോഗിക്കുന്നതിന് ന്യായമായ വാടക ഈടാക്കുന്നതിനും ബ്ലോക്ക് പഞ്ചായത്ത് അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-22 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2015-16 സാമ്പത്തിക വർഷത്തെ വൗച്ചറുകളോടൊപ്പം വിനിയോഗ സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല. 17.03.2015-ലെ സ.ഉ.(സാധാ.)നം.757/15/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ജില്ലാതല തുടർവിദ്യാഭ്യാസ കലോത്സവം 2015-ന്റെ നടത്തിപ്പിനായി അതത് ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് പരമാവധി 3000 രൂപ ജില്ലാതല മിഷൻ അതോറിറ്റിയ്ക്ക് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംഭാവന നൽകുന്നതിനും ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കണമെന്നും ഉത്തരവ് നല്കിയിരുന്നു. ഇതിന് വിരുദ്ധമായി വൗച്ചർ നം.3/06-2015 പ്രകാരം ജില്ലാ സാക്ഷരതാ മിഷന് 3500 രൂപ (ഡി.ഡി നം.856923/16.06.15) സംഭാവന നൽകിയിരിക്കുന്നു. കൂടാതെ ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുമില്ല. സംഭാവന ഇനത്തിൽ അധികമായി നല്കിയ തുക 500 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി ഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ 3000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുള്ളതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി. | എഴുമറ്റൂർ വൃദ്ധ സദനം വയറിംഗ് | 216700 | 182448 | 34252<br>വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |
| വാട്ടർ അതോറിറ്റി | ഇരവിപേരൂർ ഗ്രാമപഞ്ചായത്തിലെ എസ്.സി. കോളനികളിൽ കുടിവെള്ള പദ്ധതി | 1515599 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |

## 4-2 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-3 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-4 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷങ്ങളിൽ സ്ഥിരനിക്ഷേപമില്ല

## 4-5 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷം വരവ് ഇല്ല.

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ളതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ളതുമായ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 16 | 2001-02 | V-3-8-1 | അഡ്വാൻസ് വാങ്ങി പണി ചെയ്യാതിരുന്നത് | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 34,35 | 2001-02 | V-3-8-2 | അരിപ്പൊടി, മുളക്പൊടി യൂണിറ്റുകൾക്ക് നൽകിയ തുക അംഗീകരിക്കുന്നില്ല | തീർപ്പാക്കിയിട്ടില്ല |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | 95025534 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64939689 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 540372 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2639355 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 18938 | ശ്രീമതി സൂര്യ എസ്. ഗോപിനാഥ്, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 3-8 | | 35000 | ഡോ. അസ്ഹറുദ്ദീൻ എ.ജെ., മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, കാഞ്ഞീറ്റുകര |
| 3-13 | | 350000 | ശ്രീമതി ജ്യോതിശ്രീ എ.കെ., എസ്.സി. ഡെവലപ്മെന്റ് ഓഫീസർ |
| 3-14 | | 103056 | ശ്രീമതി ബിന്ദു വേലായുധൻ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-19 | | 32878 | ശ്രീമതി ബിന്ദു വേലായുധൻ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-22 | | 500 | ശ്രീമതി സൂര്യ എസ്. ഗോപിനാഥ്, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| ആകെ | | 540372 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-9 | 55087 | ഡോ. അസ്ഹറുദ്ദീൻ എ.ജെ., മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., കാഞ്ഞീറ്റുകര |
| 3-16 | 1900060 | ശ്രീമതി ബിന്ദു വേലായുധൻ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-18 | 300000 | ശ്രീമതി ബിന്ദു വേലായുധൻ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-19 | 381208 | ശ്രീമതി ബിന്ദു വേലായുധൻ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-22 | 3000 | ശ്രീമതി സൂര്യ എസ്.ഗോപിനാഥ്, സെക്രട്ടറി |
| ആകെ | 2639355 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സൂര്യ എസ് ഗോപിനാഥ്,<br>സെക്രട്ടറി | അസി.ഡവലപ്മെന്റ് കമ്മീഷണർ<br>ഗ്രാമവികസന കമ്മീഷണറേറ്റ്<br>സ്വരാജ് ഭവൻ<br>തിരുവനന്തപുരം | പത്മന ഹൗസ്<br>പുത്തൻചന്ത പി.ഒ.<br>ചവറ, കൊല്ലം |
| ശ്രീമതി ജ്യോതിശ്രീ.എ.കെ.,<br>എസ്.സി. ഡെവലപ്മെന്റ് ഓഫീസർ | പട്ടികജാതി വികസന ഓഫീസർ<br>ജില്ലാ പട്ടികജാതി വികസന ഓഫീസ്,തിരുവനന്തപുരം | ജ്യോതിസ്, കൃഷ്ണ നഗർ<br>ഉള്ളൂർ പാലം, ഉള്ളൂർ പി ഒ<br>തിരുവനന്തപുരം |
| ശ്രീമതി ബിന്ദു വേലായുധൻ, | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | പ്രസാദം, കവിയൂർ.പി.ഒ |

| | | |
|---|---|---|
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | ഞാൽ ഭാഗം, തിരുവല്ല |
| ഡോ. അസ്ഹറുദ്ദീൻ. എ.ജെ<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി, പുല്ലൻപാറ, തിരുവനന്തപുരം | ചരുവിള വീട്, മേൽവത്തൂർ പി.ഒ, വർക്കല, തിരുവനന്തപുരം |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി5-866/99 തീയതി 31-01-01 | 8 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി5-443/00 തീയതി 05-05-01 | 1 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി5-708/02 തീയതി 05-03-04 | 5 |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി5-312/04 തീയതി 04-11-04 | 1 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി6-257/06 തീയതി 05-03-07 | 8 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി6-881/07 തീയതി 07-06-08 | 6 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി6-882/07തീയതി 07-06-08 | 6 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി6-883/07തീയതി 03-04-08 | 6 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി6-700/08 തീയതി 15-05-09 | 8 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി3-704/09 തീയതി 13-05-11 | 21 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി2-564/11 തീയതി 13-12-11 | 14 |
| 2009-10 & 2010-11 | എൽ.എഫ്.പി.റ്റി.എ-പി2-113/13 തീയതി 03-09-13 | എല്ലാ ഖണ്ഡികകളും |
| 2011-12 & 2012-13 | എൽ.എഫ്.പി.റ്റി.എ-പി2-211/14 തീയതി 12-09-14 | എല്ലാ ഖണ്ഡികകളും |
| 2013-14 | എൽ.എഫ്.പി.റ്റി.എ-പി2-124/15 തീയതി 06-06-15 | എല്ലാ ഖണ്ഡികകളും |
| 2014-15 | നം.കെ.എസ്.എ.പി.റ്റി.എ.പി2-320/2016 തീയതി: 22.03.2016 | 12 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പി.പി.സുരേഷ് കുമാർ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

## Annexure-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി13/202/17 തീയതി: 05.05.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

പി.പി.സുരേഷ് കുമാർ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

## Annexure-1

## CERTIFICATE

No.KSAPTA/P2/202/17 Dated: 05 .05 .2017

Certified that I have examined the Annual Financial Statement of Koipram Block Panchayat in Pathanamthitta District for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Koipram Block Panchayat for the year 2015-16 except the observations in my report properly presents the picture of income and expenditure.

Senior Deputy Director

Kerala State Audit Department

Pathanamthitta